RAMRAJ
കോട്ടൺ
ഇന്ത്യയുടെ സംസ്കാരം

വാല്യം 7 • ലക്കം 2 • ഒക്ടോബർ 2024 • വില: 18 രൂപ

# വെണ്മ

*മലയാളം മാസിക*

**പുതിയ കാഴ്ചകൾ**

## കാരണങ്ങൾ അറിയാം

പ്രത്യേക പതിപ്പ്




Power of Trust
India's Most Trusted
Dhoti Brand
RAMRAJ ©
LITTLE STARS ®
KIDS DHOTIS • SHIRTS
SCAN QR CODE FOR
STORE LOCATION
Shop Online @ www.ramrajcotton.in



RAMRAJ
കോട്ടൺ
ഇന്ത്യയുടെ സംസ്കാരം

എന്ത് സംഭവിച്ചാലും തളർന്നു പോകാതെ
അതിന്റെ കാരണങ്ങൾ അന്വേഷിച്ച്
ബോധ്യപ്പെട്ട് ഉന്നതമായി ജീവിക്കാൻ
വഴികാട്ടിയാകുന്ന

# കാരണങ്ങൾ അറിയാം

## പ്രത്യേക പതിപ്പ്

**എന്ന ഈ ലക്കം നിങ്ങൾക്ക് നൽകുന്നതിൽ അഭിമാനമുണ്ട്.**

# കാര്യവും കാരണവും

നമ്മുടെ ജീവിതത്തിൽ നടക്കുന്ന എല്ലാ സംഭവവികാസങ്ങൾക്കും പിന്നിൽ ഒരു കാരണം ഉണ്ടെന്ന് അറിഞ്ഞാൽ ഏതു സാഹചര്യവും നമുക്ക് നന്നായി തരണം ചെയ്യാൻ കഴിയും. 'ഇത് എന്തിനു വേണ്ടിയാണ്' എന്ന ചോദ്യം ഉദിച്ചാൽ നമുക്ക് അത് തേടാൻ കഴിയും. ആ ചോദ്യം ഉണ്ടാകാത്തപ്പോൾ, മറ്റുള്ളവർ ചെയ്യുന്നത് ആവർത്തിക്കുന്ന 'ആൾക്കൂട്ട മനോഭാവം' അധികരിക്കും. ആരെങ്കിലും ചെയ്യുന്ന ഒരു കാര്യം യാതൊരു ചിന്തയും കൂടാതെ പകർപ്പെടുക്കുന്ന യന്ത്രങ്ങൾ ആയി നാം മാറും. അത് നമുക്കും സമൂഹത്തിനും നാട്ടിനും നല്ലതല്ല.

യൂറോപ്പിൽ ആടു മേയ്ക്കൽ ഒരു പ്രധാന തൊഴിലാണ്. വിശാലമായ പുൽമേടുകൾ അവിടെ ധാരാളം ഉള്ളതിനാൽ ആടു വളർത്തൽ ഗ്രാമങ്ങളിലെ പ്രധാന തൊഴിലവസരവുമാണ്.

അവിടെ മലയോര മേഖലയിലെ ഒരു ഗ്രാമത്തിൽ ആയിരക്കണക്കിന് ആടുകൾ മേഞ്ഞു കൊണ്ടിരിക്കുന്നു. ആ കൂട്ടത്തിലെ ഒരു ആട് മലമുകളിൽ കയറി ആ പാറയിൽ നിന്ന് അടുത്ത പാറയിലേക്ക് ചാടാൻ ശ്രമിച്ചു. പാറകൾ തമ്മിലുള്ള അകലവും ലക്ഷ്യവും കണക്കു കൂട്ടുന്നതിൽ അതിനു പിഴച്ചു. അങ്ങനെ അത് താഴേക്കു വീണു ചത്തു. അത് കണ്ടു നിന്നിരുന്ന ആടുകൾ ഓരോന്നായി മലയുടെ മുകളിലേക്ക് കയറി അടുത്ത പാറയിലേക്ക് ചാടി വീണു ചത്തു.

അങ്ങനെ ആയിരത്തി അഞ്ഞൂറോളം ആടുകളാണ് ആ മലയിടുക്കിൽ ചത്തു വീണത്. ഇത്ര ആടുകൾ എന്തു കൊണ്ട് മലയിൽ നിന്ന് ചാടി ചത്തു എന്ന് ഒരു ഗവേഷകസംഘം അന്വേഷിച്ചു. അതിനു പിന്നിൽ herd behaviour അഥവാ ആൾക്കൂട്ട സ്വഭാവമാണ് എന്നവർ കണ്ടെത്തി. അതേക്കുറിച്ച് ധാരാളം ഗവേഷണങ്ങൾ നടത്താൻ ഈ സംഭവം പ്രധാന കാരണമായി. ഭൂരിഭാഗം




മനുഷ്യരും തങ്ങളുടെ ജീവിതത്തിൽ പിന്തുടരുന്ന വിശ്വാസങ്ങൾ, ഭക്ഷണം, വസ്ത്രം, ചിന്തകൾ എന്നിങ്ങനെഎല്ലാത്തിലുംഈആൾക്കൂട്ടസ്വഭാവം പകർത്തുന്നതിന് ധാരാളം ഉദാഹരണങ്ങൾ സഹിതം തെളിയിച്ചിട്ടുണ്ട്.

നമ്മുടെ ഗ്രാമങ്ങളിൽ ഈ ആൾക്കൂട്ട സ്വഭാവവുമായി ബന്ധപ്പെട്ട് ഒരു കടങ്കഥ തന്നെ ഉണ്ട്. ഒരു തൊഴുത്തിൽ 30 ആടുകളെ കെട്ടിയിട്ടുണ്ടായിരുന്നു. ആ കൂട്ടത്തിൽ നിന്ന് ഒരു ആട് മാത്രം തൊഴുത്തിന്റെ വേലി താണ്ടി പുറത്തു വന്നു. 'ഇപ്പോൾ തൊഴുത്തിൽ എത്ര ആടുകൾ ബാക്കി ഉണ്ടായിരിക്കും' എന്ന് ചോദിച്ചാൽ, നല്ല വിദ്യാഭ്യാസമുള്ളവർ '29 ഉണ്ടായിരിക്കും' എന്ന് ഒന്ന് കുറച്ച് കൃത്യമായ ഉത്തരം പറയും. എന്നാൽ, അധികം പഠിക്കാത്ത, ആടുകളുടെ സ്വഭാവം നന്നായി അറിയാവുന്ന ഗ്രാമീണർ, 'ഒരു ആടു പോലും തൊഴുത്തിൽ ഉണ്ടാകില്ല' എന്ന ശരിയായ ഉത്തരം നൽകും. ഒരു ആട് വേലി താണ്ടിയതും, അതിനെ പിന്തുടർന്ന് മറ്റ് ആടുകളും അതേ പോലെ ചെയ്യും എന്ന കാര്യം അവർക്ക് അറിയാം.

കാരണവും കാര്യവുമറിയാതെ നാം ചെയ്യുന്ന പ്രവർത്തികൾ അതിന്റെ യഥാർത്ഥ ലക്ഷ്യത്തെ തന്നെ ചോദ്യമുനയിലാക്കും. ഒരു ആശ്രമത്തിൽ ശിഷ്യന്മാർക്ക് പാഠം പഠിപ്പിക്കുകയാണ് ഒരു ഗുരു. അവിടെ വളർന്ന ഒരു പൂച്ച, പാഠം പഠിപ്പിക്കുമ്പോൾ ഇടയ്ക്ക് കയറി ശല്യപ്പെടുത്തും. അതിനെ എടുത്തു കൊണ്ടു പോയി പുറത്തു വിട്ടാലും അത് തിരികെ വന്നു കരഞ്ഞു കൊണ്ടേ ഇരിക്കും. ഇതു മൂലം ശിഷ്യരുടെ ശ്രദ്ധ മാറുന്നു എന്ന് മനസ്സിലാക്കിയ ഗുരു അതിനെ ക്ലാസ് തുടങ്ങും മുമ്പ് ഒരിടത്ത് കെട്ടിയിടാൻ പറഞ്ഞു. ഗുരു പറഞ്ഞതു പോലെ ക്ലാസ് തുടങ്ങും മുമ്പ് ആ പൂച്ചയെ കെട്ടിയിടുന്നത് ഒരു പതിവായി മാറി.

അദ്ദേഹത്തിൽ നിന്ന് വിദ്യാഭ്യാസം നേടി യോഗ്യരായ ശിഷ്യരെ മറ്റ് സ്ഥലങ്ങളിൽ ക്ലാസ് എടുക്കാൻ അയക്കുന്നത് അദ്ദേഹത്തിന്റെ ശീലമാണ്. അത്തരത്തിൽ അദ്ദേഹത്തിൽ നിന്ന് പാഠം അഭ്യസിച്ച ശിഷ്യർ പല സ്ഥലങ്ങളിലും ചെന്ന് ക്ലാസ് എടുക്കും മുമ്പ്, മറക്കാതെ ഒരു പൂച്ചയെ തേടി കണ്ടുപിടിച്ച് കൊണ്ടുവന്ന് ഒരു തൂണിൽ കെട്ടിയിട്ട ശേഷമേ ക്ലാസ് ആരംഭിക്കാറുള്ളൂ എന്നൊരു തമാശ കഥയുണ്ട്. ഇത് കഥയിൽ മാത്രമല്ല നടക്കുന്നത്. മനുഷ്യ ജീവിതത്തിലും പല രീതിയിൽ ദിവസവും നടന്നു വരുന്നുണ്ട്.



The Culturepreneur

ശ്രീ വേദാദ്രി മഹർഷി ഒരിക്കൽ യോഗാ പരിശീലനം പഠിപ്പിച്ചു കൊണ്ടിരുന്നപ്പോൾ, അദ്ദേഹത്തിന്റെ മുഖത്തിനു നേരെ ഒരു ഈച്ച പറന്ന് ശല്യപ്പെടുത്തി. പരിശീലനത്തിനിടെ സ്വാഭാവികമായി ആ ഈച്ചയെ കൈ വീശി ഓടിച്ചു. ഇത് കണ്ടുകൊണ്ടിരുന്ന മറ്റുള്ളവരും അതേപോലെ ചെയ്തു. അത് ശ്രദ്ധിച്ച അദ്ദേഹം, 'ഞാൻ ഈച്ചയെ ഓടിക്കാനാണ് അങ്ങനെ കൈ വീശിയത്. അത് യോഗാ പരിശീലനം അല്ല' എന്ന് ചിരിച്ചു കൊണ്ടേ പറഞ്ഞു. അത് പറയാതെ പോയിരുന്നെങ്കിൽ, അതും യോഗാ പരിശീലനത്തിന്റെ ഭാഗമായി മാറിയേനെ. ചിന്തിക്കുന്നതും അത് നിറവേറാൻ ആസൂത്രണം ചെയ്ത് പ്രവർത്തിക്കുന്നതും മനുഷ്യവർഗത്തിന്റെ തനതു ഗുണം.

നെയ്ത്തുകാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തണമെന്നും നമ്മുടെ പാരമ്പര്യവസ്ത്രമായ വേഷ്ടിയെ തലമുറകൾ താണ്ടി കൊണ്ടു ചെന്ന് സംരക്ഷിക്കണമെന്നുമുള്ള സ്വപ്നത്തിൽ സ്ഥാപിതമായതാണ് രാംരാജ് കോട്ടൺ എന്ന സ്ഥാപനം. വേഷ്ടി ധരിച്ചു ചെന്ന എന്നെ ഒരു പഞ്ച നക്ഷത്ര ഹോട്ടലിൽ കടക്കാൻ അനുവദിക്കാത്തത് മൂലം ഉണ്ടായ അപമാനവും, തങ്ങൾ ചെയ്യുന്ന ജോലിക്ക് മതിയായ കൂലി ലഭിക്കാതെ കഷ്ടപ്പെടുന്ന നെയ്ത്തുകാരിൽ ഉള്ള എന്റെ അഭിമാനവുമാണ് രാംരാജ് കോട്ടൺ എന്ന സ്ഥാപനത്തെ മികച്ച ഗതിവേഗത്തിൽ വളരാൻ സഹായിച്ചത്.

നമ്മുടെ പാരമ്പര്യ വസ്ത്രമായ വേഷ്ടിയെ ബഹുമാനിക്കപ്പെടുന്ന വേഷമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ രാംരാജ് കോട്ടൺ കഴിഞ്ഞ 40 വർഷമായി വിജയകരമായി പ്രവർത്തിച്ചു വരികയാണ്. ഓരോ പ്രവർത്തിക്കു പിന്നിലും വളരെ ശക്തമായ ഒരു കാരണം ഉണ്ടെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. രാംരാജ് കോട്ടൺ നടത്തുന്ന ഓരോ പ്രവർത്തനത്തിന് പിന്നിലും ഇങ്ങനെ ശക്തമായ ഒരു കാരണം ഉണ്ട്.

നമ്മുടെ പ്രവർത്തിക്കും ചിന്തകൾക്കും പിന്നിലുള്ള കാരണങ്ങൾ അറിഞ്ഞാൽ നമുക്ക് വിജയകരമായി യാത്ര തുടരാം.

സമസ്ത ഐശ്വര്യങ്ങളും ആശംസിച്ചു കൊണ്ട്,

**കെ നാഗരാജൻ**

**സ്ഥാപകൻ**



# കാരണങ്ങൾ അറിഞ്ഞ് ജീവിക്കാം

നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്ന ഓരോ കാര്യത്തിനും ഒരു കാരണമുണ്ട്. അതേപോലെ നമുക്ക്ചുറ്റുംനടക്കുന്നസംഭവങ്ങൾക്കുപിന്നിലും ഒരു കാരണമുണ്ട്. നമ്മുടെ ജീവിതത്തിന്റെ അർത്ഥം എന്താണെന്ന് ചോദിച്ചപ്പോൾ അരിസ്റ്റോട്ടിൽ പറഞ്ഞ മറുപടി ശ്രദ്ധേയമാണ്. 'ഈ ലോകത്ത് എല്ലാം മാറുകയാണ്. ഇന്നലത്തെ പോലെയല്ല ഇന്ന്. ഇന്ന് സംഭവിക്കുന്നത് പോലെ നാളെ നടക്കില്ല. നമ്മുടെ ജീവിതത്തിലും ഇന്നലെ നടന്നത് പോലെ ഇന്ന് നടക്കില്ല. എല്ലാ കാര്യങ്ങൾക്കും എന്തെങ്കിലും ഒരു അർത്ഥം ഉണ്ട്.'

അങ്ങനെ പല കാരണങ്ങൾ മൂലം ഉണ്ടാകുന്ന കാര്യങ്ങളും, അതിനു നാം കൈക്കൊള്ളുന്ന തീരുമാനങ്ങളുമാണ് നമ്മെ പൂർണ മനുഷ്യരാക്കി മാറ്റുന്നത്.

അവ എല്ലാം എന്തു കൊണ്ട് സംഭവിക്കുന്നു എന്നതിന് ഏഴ് കാരണങ്ങൾ പറയാം:

ദുഃഖങ്ങളിൽ നിന്നും സന്തോഷത്തിലേക്ക് എത്തിച്ചേരാനും പരാജയങ്ങളിൽ നിന്ന് വിജയത്തിലേക്ക് കുതിക്കാനും പ്രശ്നങ്ങളിൽ നിന്ന് പരിഹാരത്തിലേക്ക് എത്താനും അവ നമ്മെ പഠിപ്പിക്കുന്നു. വിഷമകരമായ സാഹചര്യങ്ങളിൽ പെടുമ്പോൾ ഉണ്ടാകുന്ന അനുഭവങ്ങൾ നമ്മെ പുതിയ പാഠങ്ങൾ പഠിപ്പിക്കുന്നു. എന്തെല്ലാം പ്രതിസന്ധികളെ നേരിട്ടാലും അതിനെ ശാന്തമായി അഭിമുഖീകരിച്ച് അതിജീവിക്കുന്നതിലാണ് നമ്മുടെ മികവ്. സിമന്റിൽ ആദ്യം വെള്ളം ഒഴിച്ചലേ അത് പരുവപ്പെടുകയുള്ളൂ. അത് ഉറച്ച ശേഷം വീണ്ടും വീണ്ടും വെള്ളം ഒഴിക്കുമ്പോൾ മാത്രമേ അത് പൂർണമായി ഉറയ്ക്കുകയുള്ളൂ. നിരവധി പ്രതിസന്ധികൾഅഭിമുഖീകരിച്ചഒരാളുടെ മനസ്സ് ഇതു പോലെ പതം വരും. അത് ഭാവിയിൽ അചഞ്ചലമായ തീരുമാനങ്ങൾ എടുത്ത് മുന്നേറാൻ നമ്മെ സഹായിക്കും. വീട്ടിൽ പ്രശ്നങ്ങളും ഓഫീസിൽ പോരാട്ടവും എന്നോർത്ത് തളർന്നു പോകുന്നതിനു പകരം ഒരേ നേരം പലയുദ്ധങ്ങൾ നേരിടാനുള്ളമനശ്ശക്തി നിങ്ങൾക്ക് ലഭിക്കും.



◖ 'നടന്നത് നടന്നു. അത് മറന്ന് ജോലി ചെയ്യൂ' എന്ന് മുതിർന്നവർ നിങ്ങളെ ആശ്വസിപ്പിക്കും. അതിൽ വലിയ സത്യമുണ്ട്. നടന്ന കാര്യങ്ങൾ ഓർത്ത് വിഷമിക്കുന്നവർക്ക് അതിൽ നിന്ന് ഒരിക്കലും മോചനം നേടാൻ കഴിയില്ല 'ഇത് ഇങ്ങനെ നടക്കാൻ കാരണമുണ്ട്' എന്ന് കരുതി ആശ്വസിക്കുന്നവർ ക്രമേണ അതിൽ നിന്ന് മോചനം നേടി സന്തോഷത്തെ തേടും. ഇഷ്ടപ്പെട്ട ഒരു ബന്ധത്തിൽ വിള്ളൽ വരുന്നത്, പ്രതീക്ഷിച്ച ജോലികൾ ലഭിക്കാതെ വരുന്നത്, അപ്രതീക്ഷിതമായി ബിസിനസിൽ നഷ്ടം വരുന്നത്... ഇങ്ങനെ നമ്മുടെ ജീവിതത്തിൽ പ്രശ്നങ്ങൾക്ക് ഉണ്ടോ പഞ്ഞം? അപ്പോൾ 'ജീവിതത്തിൽ ഏറ്റവും ഹതഭാഗ്യൻ ഞാൻ' ആണെന്ന് കരുതി തളർന്നു പോയാൽ നിങ്ങൾക്ക് അതിൽ നിന്ന് മോചനം സാധ്യമല്ല.

◖ 'എല്ലാ സംഭവങ്ങൾക്കും പിന്നിൽ ഒരു കാരണം ഉണ്ട്' എന്ന് കരുതിയാൽ നമ്മുടെ മനോവിഷമം നന്നായി കുറയും. ശരീരത്തിൽ ഉണ്ടാകുന്ന മുറിവ് ചുരുങ്ങിയ ദിവസങ്ങളിൽ ഉണങ്ങും. അതിന്റെ പാട് മാത്രമേ അവശേഷിക്കൂ. എന്നാൽ മനസ്സിൽ അടുത്തവർ ഏർപ്പെടുത്തുന്ന മുറിവുകൾ, അതേ പോലെ മുറിവുകളായി നിലകൊള്ളും. അവർ ചെയ്ത ദ്രോഹങ്ങളും ഏർപ്പെടുത്തിയ അപമാനവും നെഞ്ചിൽ വലിയ ഭാരമായിരിക്കും. ദേഷ്യം കുറയില്ല. ഇത് മനസ്സിനെ മാത്രമല്ല ശരീരത്തെയും ബാധിക്കും. എന്നാൽ ഈ സംഭവത്തിനു പിന്നിൽ ഒരു കാരണം ഉണ്ടാകും. എന്ന് കരുതിയാൽ ആ കാരണത്തിലേക്ക് രോഷം തിരിച്ചുവിടാം. വളരെ താഴേക്കു പതിക്കുമ്പോഴാണ് ഉയരങ്ങളിലേക്ക് പോകണമെന്ന മോഹം കലശലായി ഉണ്ടാകുന്നത്. അപ്പോൾ എങ്ങനെയും മുന്നേറാനുള്ള വഴി നാം തേടും.

◖ നാം പ്രതീക്ഷിക്കാത്ത ഒരു കാര്യം നടക്കുമ്പോൾ ഇതിനു പിന്നിൽ ഏതോ കാരണം ഉണ്ട് എന്ന് കരുതിയാൽ നല്ലതാണ്. അങ്ങനെ വിശ്വസിക്കുമ്പോൾ അത് നടക്കാതിരിക്കാൻ എന്ത് ചെയ്യാനാകും എന്ന് നിങ്ങൾ ആലോചിക്കും. ഒരു കാലിഡോസ്കോപ്പിലൂടെ വീണ്ടും വീണ്ടും നോക്കുമ്പോൾ പുതിയ രൂപങ്ങൾ കാണുന്നത് പോലെ നമുക്ക് പുതിയ വഴികൾ കണ്ടെത്താൻ കഴിയും. ഇതു വരെ നാം ആലോചിക്കാത്ത ആങ്കിളുകൾ നാം കണ്ടെത്തും. നമ്മെ സ്വയം മികച്ച വ്യക്തിയായി മാറ്റാനുള്ള സാധ്യത തെളിയും.



◖ ഒരു വാഹനത്തിന് യാതൊരു കുഴപ്പവുമില്ലെങ്കിൽ അത് ഓടിക്കുന്ന ഡ്രൈവറുടെ നിയന്ത്രണത്തിൽ നിൽക്കും. എന്തെങ്കിലും കുഴപ്പം ഉണ്ടെങ്കിൽ വാഹനത്തിന്റെ നിയന്ത്രണം പാളി അപകടത്തിൽപെടും. നമ്മുടെ ജീവിതം നമ്മുടെ നിയന്ത്രണത്തിലായിരിക്കണം എന്ന് മിക്കവരും കരുതുന്നു. എന്നാൽ അപ്രതീക്ഷിതമായ സംഭവങ്ങൾ നമ്മെ പ്രതിസന്ധിയിൽ ആഴ്ത്തും. മോശമായ റോഡുകളാണ് ഒരാളെ നല്ല ഡ്രൈവർ ആക്കുന്നത്. സമാനമായി നമ്മുടെ ജീവിതത്തിൽ ഉണ്ടാകുന്ന അപ്രതീക്ഷിത പ്രശ്നങ്ങൾ നമ്മെ സ്ഫുടം ചെയ്ത സ്വർണം പോലെയാക്കും.

◖ യുദ്ധത്തെ അഭിമുഖികരിക്കാതെ ഒരാൾക്ക് എങ്ങനെ യുദ്ധവീരനായി മാറാനാകും? പെട്ടെന്നുണ്ടാകുന്ന കൊടുങ്കാറ്റിലും ചുഴലിക്കാറ്റിലും പിടിച്ചു നിൽക്കുന്ന വൃക്ഷം മാത്രമേ ഉയരത്തിൽ നന്നായി വളർന്നു നിൽക്കൂ. ഏതെങ്കിലും കാരണങ്ങൾ മൂലം നാം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ് നമ്മെ പക്വമതികളാക്കുന്നത്. ജീവിതത്തിൽ നടക്കുന്ന എല്ലാ കാര്യങ്ങൾക്കും അത് അർത്ഥം നൽകും.

◖ നമ്മെ ചുറ്റിയുള്ള എല്ലാം നിശ്ചിത കാല ഇടവേളയിൽ പുതിയ രൂപം കൈവരിക്കും. നമ്മൾ മാത്രം മാറാതെ ഇരിക്കുന്നത് ശരിയാണോ? ഓരോ തവണയും നമ്മെ നവീകരിക്കാൻ ഈ കാരണങ്ങളാണ് സഹായിക്കുന്നത്. നമ്മുടെ വിശ്വാസങ്ങൾ, ചിന്തകൾ, അനുഭവ പരിജ്ഞാനം എന്നിവയെല്ലാം നവീകരിക്കാൻ ഇത് വഴികാട്ടുന്നു. നമ്മെ പറ്റി മനസ്സിനുള്ളിൽ അളന്നു നോക്കാൻ പ്രേരിപ്പിക്കുന്നു. അപ്രതീക്ഷിതമായി ഒരു നല്ല കാര്യം നടക്കുമ്പോഴും ഒരു മോശമായ കാര്യത്തെ നേരിടേണ്ടി വരുമ്പോഴും നമുക്ക് മുന്നിൽ രണ്ടു സാധ്യതകളാണ് ഉള്ളത്. ഈ ലോകത്ത് എല്ലാവരും എനിക്കെതിരെ ചതി നടത്തുന്നു എന്ന് പുലമ്പി തളർന്നിരിക്കുക, അല്ലെങ്കിൽ ആ അനുഭവം നേരിട്ട് പാഠം പഠിച്ച് വിജയത്തിലേക്ക് മുന്നേറുക.

ഇതിൽ ഏതു മാർഗമാണ് നിങ്ങൾ തെരഞ്ഞെടുക്കുക? ●


RAMRAJ



## പുലരി അകലെയല്ല

ഒരു മോശം കാര്യം നടക്കുമ്പോൾ 'ഇതിന് എന്തോ കാരണമുണ്ടല്ലോ' എന്ന ചിന്തയോടെ തേടുമ്പോഴാണ് വഴി തെളിയുക. ആ പ്രതിസന്ധി അവസരമാക്കി മാറ്റാനാകും. അതിനു പൂർവകാല അനുഭവങ്ങൾ തുണയാകും. പലയിടത്തായി ചിതറിക്കിടക്കുന്ന കുത്തുകൾ യോജിപ്പിച്ച് ഒരു രൂപം സൃഷ്ടിക്കാൻ അപ്പോഴാണ് സാധ്യമാകുക. നല്ല ഫലം നൽകുമോ അതോ മോശം അനുഭവം ഉണ്ടാകുമോ എന്നതു തന്നെ അറിയാത്ത ഭാവിയെക്കുറിച്ച് ദുഃഖിക്കുന്നതിനേക്കാൾ, കഴിഞ്ഞ കാല പാഠങ്ങൾ ചിന്തിച്ചു നോക്കുന്നത് നല്ലത്. കൂടുതൽ മോശമായി ബാധിക്കപ്പെട്ട് പള്ളത്തിൽ വീഴുമ്പോൾ, 'ഇതിനും താഴെ പോകാൻ സാധ്യതയില്ല. എങ്ങനെയും മുകളിലെത്തും' എന്ന വിശ്വാസം വേണം. പുലരിക്കു മുമ്പാണ് കൂരിരുട്ട്. ആ ഇരുട്ട് ബോധ്യപ്പെടുത്തുന്നത്, ഉടൻ പുലരുമെന്നും.



## കാരണം നൽകണം

നമ്മുടെ ജീവിതത്തിൽ നടക്കുന്ന ഓരോ കാര്യത്തിനും പിന്നിൽ ഒരു കാരണമുണ്ട്. നമ്മളും നമ്മുടെ ജീവിതത്തിന് ഒരു കാരണം കണ്ടെത്തണം. രോഗികളുടെ രോഗം ഭേദമാക്കാനാണ് താൻ ജീവിക്കുന്നതെന്ന് ഒരു ഡോക്ടർ തന്റെ ജീവിതത്തിന് കാരണം പറയും. ജനങ്ങളെ ചിരിപ്പിക്കുകയാണ് തന്റെ നിയോഗമെന്ന് ഒരു ഹാസ്യ നടൻ പറയും. ജനങ്ങൾക്ക് നല്ല വഴി പറഞ്ഞു കൊടുക്കുന്നതാണ് ഒരു ഗുരുവിന്റെ ചുമതല. ദൈവത്തെ പാടിപ്പുകഴ്ത്തുന്നതാണ് ആത്മീയത ഇഷ്ടപ്പെടുന്ന ഒരാളുടെ ജീവിതത്തെ കാരണം ഉള്ളതാക്കി മാറ്റുന്നത്. നിങ്ങളുടെ ജീവിതത്തിനും ഉന്നതമായ ഒരു കാരണം നൽകണം.



## അർത്ഥമുള്ള കാരണമായി ജീവിക്കണം

ഈ ലോകത്ത് പ്രകൃതിയുടെ അത്ഭുതങ്ങളായുള്ള ഒന്നും തന്നെ സ്വാർത്ഥതയോടെ ചരിക്കുന്നവയല്ല. ഒരു നദി തന്നിലൂടെ ഒരു നദി, അത് കൊണ്ടുവരുന്ന വെള്ളം താൻ തന്നെ കുടിക്കണം എന്ന് ചിന്തിക്കാറില്ല. മണ്ണ് പുഷ്ടിപ്പെടുത്തി, വിളകളെ പരിപോഷിപ്പിച്ച്, മനുഷ്യർക്ക് കുടിവെള്ളം നൽകി അത് മഹത്വം ആർജിക്കുന്നു. വൃക്ഷങ്ങൾ തങ്ങളുടെ ഫലങ്ങൾ സ്വയം കഴിക്കാറില്ല. മനുഷ്യർക്കും മൃഗങ്ങൾക്കും പക്ഷികൾക്കുമായി അവ തന്റെ ഫലങ്ങൾ നൽകുന്നു. പൂക്കൾ തനിക്കായി മാത്രം വിടർന്നു നറുമണം പരത്തുന്നില്ല സൂര്യൻ തനിക്കായി പ്രകാശിക്കുന്നില്ല. മറ്റുള്ളവർക്കു വേണ്ടി ജീവിക്കുക എന്നതാണ് പ്രകൃതിയുടെ നിയമം.

സൃഷ്ടികളിൽഉന്നതരായമനുഷ്യരുംഅങ്ങനെജീവിക്കാൻഎത്തിയവരാണ്. മറ്റ് ജീവജാലങ്ങളെല്ലാം സ്വയം അറിയാതെ മറ്റുള്ളവരെ സഹായിക്കുമ്പോൾ, മനുഷ്യൻ മാത്രമാണ് മനസ്സ് അറിഞ്ഞ് സഹായിക്കുന്ന ആറാം ഇന്ദ്രിയം നേടിയിരിക്കുന്നത്. ജീവിതം അർത്ഥമുള്ളതായി ജീവിക്കാനുള്ള മഹത്വം നമുക്കുണ്ട്. അത് ബോധ്യപ്പെട്ട് ജീവിക്കാം.




## അതിനും കാരണം ഉണ്ട്

യു എസിൽ ഉള്ള തന്റെ ചേച്ചിക്ക് ഒരു പാർസൽ അയക്കാൻ പോയതാണ് ഒരു യുവാവ്. പാർസലിനുള്ള തപാൽ കൂലി നൽകിക്കഴിഞ്ഞപ്പോൾ, അവന് ബാക്കി രണ്ട് രൂപ ലഭിക്കേണ്ടതുണ്ട്. 'എന്റെ കൈയിൽ ചില്ലറ ഇല്ല' എന്ന് പറഞ്ഞ് യുവാവിന് പോസ്റ്റ് മാസ്റ്റർ രണ്ടു രൂപയുടെ റവന്യൂ സ്റ്റാമ്പ് നൽകി. മനസ്സില്ലാ മനസ്സോടെ അവൻ അത് വാങ്ങി പേഴ്സിൽ വച്ചു. ഇക്കാലത്തെ യുവാക്കൾക്ക് പേഴ്സ് വൃത്തിയാക്കുന്ന ശീലമില്ലല്ലോ. അവനും അങ്ങനെ തന്നെ. അത് അവിടെ വച്ചു.

വർഷങ്ങൾ കഴിഞ്ഞു. കോളേജിൽ സർട്ടിഫിക്കറ്റുകൾ വാങ്ങാൻ ചെന്നപ്പോൾ ബാക്കി ഒന്നും നൽകാനില്ല എന്ന സത്യവാവാങ്മൂലം നൽകാൻ അവർ ആവശ്യപ്പെട്ടു. അതിൽ റവന്യൂ സ്റ്റാമ്പ് ഒട്ടിച്ച് ഒപ്പിടണം. അടുത്തൊന്നും അത് വിൽക്കുന്ന ഇടമില്ല. അപ്പോഴാണ് അവൻ റവന്യൂ സ്റ്റാമ്പ് പഴ്സിൽ ഉണ്ടാകും എന്ന കാര്യം ഓർത്തത്. പരിശോധിച്ചപ്പോൾ രണ്ടു പുത്തൻ സ്റ്റാമ്പുകൾ. ഒന്ന് അടുത്ത സുഹൃത്തിനും നൽകി. പെട്ടെന്ന് സർട്ടിഫിക്കറ്റുകൾ വാങ്ങി.

ജീവിതത്തിൽ സംഭവിക്കുന്ന ഓരോ കാര്യത്തിനും അർത്ഥം ഉണ്ടെന്ന കാര്യം അന്ന് അവൻ മനസ്സിലാക്കി.

## ഈശ്വരനു നന്ദി

ഒരുരാജാവ്തന്റെസേവകനെ വിളിച്ച് കൊട്ടാരത്തിലെ തോട്ടത്തിൽ നിന്ന് നന്നായി പഴുത്ത മാമ്പഴം പറിച്ചു കൊണ്ടു വരാൻ ഉത്തരവിട്ടു. സേവകൻ തോട്ടത്തിൽ പോയി നോക്കുമ്പോൾ പഴുത്ത മാമ്പഴം കാണാനില്ല. ഇപ്പോൾ കഴിക്കാവുന്ന വിധം പഴുത്ത മാമ്പഴം ഒരിടത്തും ഇല്ല. വെറും കൈയോടെപോയാൽരാജാവ്ദേഷ്യപ്പെടുമെന്ന് അയാൾക്ക് അറിയാം. രാജാവിന് പഴം കഴിക്കണം എന്നല്ലേ ഉള്ളൂ. അത് കൊണ്ട് തോട്ടം അയാൾ ചുറ്റി നോക്കി. വേറെ ഏതെങ്കിലും പഴം ഉണ്ടോ എന്നയാൾ അവിടെല്ലാം നോക്കി. അടുത്ത ഒരു പ്ലാവിൽ പഴുത്ത ചക്കയുണ്ട് പക്ഷേ അത് നല്ല ഉയരത്തിലാണ്. അതിനാൽ തനിക്ക് കൈയെത്തുന്ന വാഴയിൽ നിന്നു കുറെ പഴങ്ങൾ പറിച്ചെടുത്ത് കൊട്ടാരത്തിലേക്ക് പോയി. രാജാവിന് പഴങ്ങൾ സമർപ്പിച്ചു.

മാമ്പഴം കഴിക്കാൻ ആർത്തി പിടിച്ചിരുന്ന രാജാവ് കൂട തുറന്നു നോക്കിയപ്പോൾ അതിൽ നിറയെ വാഴപ്പഴങ്ങൾ. കോപം കൊണ്ട് കണ്ണ് ചുവന്ന രാജാവ് ആ വാഴപ്പഴം അയാളുടെ മുഖത്തേക്ക് എറിഞ്ഞു. ഓരോ തവണ പഴം വന്നു വീഴുമ്പോഴും സേവകൻ ഈശ്വരനു നന്ദി പറഞ്ഞു. രാജാവിന് ആശ്ചര്യമായി, 'ഞാൻ നിന്നെ അടിക്കുകയാണ്. നീ എന്നാൽ അതിന് ഈശ്വരനു നന്ദി പറയുന്നു. എന്താണ് കാര്യം?' നടന്ന കാര്യങ്ങൾ എല്ലാം സേവകൻ പറഞ്ഞു, 'ഒരു പക്ഷേ ഞാൻ ചക്കപ്പഴം പറിച്ചു സമർപ്പിച്ചിരുന്നെങ്കിലോ? ഭാഗ്യത്തിന് ഞാൻ വാഴപ്പഴമാണ് കൊണ്ടു വന്നത്. അതിനാലാണ് ഈശ്വരനു നന്ദി പറഞ്ഞത്.' സത്യം മനസ്സിലാക്കിയ രാജാവ് അവനോടു ക്ഷമ ചോദിച്ചു. ●




RAMRAJ

# ജീവിക്കാനുള്ള കാരണങ്ങൾ രൂപപ്പെടുത്തണം

ഒരു രാജാവ് കാട്ടിൽ വേട്ടയാടാൻ പോയി. ഒരു പുലിയുടെ പിന്നാലെ പാഞ്ഞ രാജാവ് സൈനികരിൽ നിന്ന് മാറി, കൂട്ടം തെറ്റി എവിടെയോ എത്തി. പുലിയെ പിന്തുടർന്ന് തളർന്ന രാജാവ് ഒരു കൊള്ള സംഘത്തിന്റെ മുന്നിലാണ് പെട്ടത്. അവരാകട്ടെ അദ്ദേഹത്തെ വധിക്കാൻ ശ്രമിച്ചു. ആപത്തിലായ രാജാവ് ശബ്ദമുയർത്തി അലറി. ഭാഗ്യത്തിന് ഗ്രാമത്തിലുള്ള ആറു യുവാക്കൾ അത് വഴി വരുന്നുണ്ടായിരുന്നു. കൊള്ളക്കാരുടെ പിടിയിൽ പെട്ടത് രാജാവാണ് എന്ന് അറിയാതെ ആ യുവാക്കൾ കൊള്ളക്കാരെ നേരിട്ട് രാജാവിനെ മോചിപ്പിച്ചു അൽപ സമയത്തിനുള്ളിൽ രാജാവിന്റെ സൈന്യവും അവിടെയെത്തി.

രാജാവ് തന്നെ രക്ഷപ്പെടുത്തിയ ആറു പേർക്കും കൊട്ടാരത്തിൽ വിരുന്നു നൽകി. തിരികെ പോകുമ്പോൾ അവർ ആവശ്യപ്പെടുന്ന എന്തും സമ്മാനമായി നൽകുമെന്ന് വാഗ്ദാനവും നൽകി. ഒന്നാമൻ തനിക്ക് കുറച്ച് സ്ഥലം ലഭിച്ചാൽ സഹായമാകും എന്ന് പറഞ്ഞു. രാജാവ് അയാൾക്ക് അത് കൊടുത്തു. രണ്ടാമൻ ബിസിനസ് തുടങ്ങാൻ ധനം ആവശ്യപ്പെട്ടു. രാജാവ് അയാൾക്ക് ആവശ്യമായ പണം നൽകി. മൂന്നാമൻ തനിക്ക് ഒരു വീട് കെട്ടിത്തരണമെന്ന് ആവശ്യപ്പെട്ടു. നാലാമൻ കൊട്ടാര ജോലിയാണ് ആവശ്യപ്പെട്ടത്. അദ്ദേഹം അതും അനുവദിച്ചു.അഞ്ചാമൻ തന്റെ വിവാഹം അടുത്തിരിക്കുകയാണെന്നും രാജാവ് നേരിൽ വന്ന് സമ്മാനം നൽകിയാൽ മതിയെന്നും പറഞ്ഞു



ഇപ്പോൾ ആറാമത്തെ യുവാവിന്റെ ഊഴമാണ്. അൽപം മടിച്ചെങ്കിലും, ധൈര്യം സംഭരിച്ച് രാജാവിനെ നോക്കി, 'എനിക്ക് വസ്തുക്കളായി സമ്മാനങ്ങളൊന്നും വേണ്ട. താങ്കളെ ഞങ്ങൾക്ക് രക്ഷപ്പെടുത്താൻ അവസരം നൽകിയ ഈ നല്ല നാളിൽ വർഷംതോറും ഈ ദരിദ്രന്റെ വീട്ടിലേക്ക് എഴുന്നെള്ളി, ഞങ്ങൾ തരുന്ന ലളിതമായ ഭക്ഷണം കഴിച്ച് എന്നോടൊപ്പം അൽപ നേരം ചെലവഴിച്ച് ഞങ്ങളുടെ നാടിനെ അഭിമാനം കൊള്ളിക്കണം' എന്ന് അപേക്ഷിച്ചു. സമ്മാനമായി ഒന്നും ചോദിക്കാതെ തനിക്ക് വിരുന്നു നൽകണം എന്ന യുവാവിന്റെ ആഗ്രഹം അദ്ദേഹത്തെ സ്പർശിച്ചു. രാജാവ് സിംഹാസനത്തിൽ നിന്നിറങ്ങി യുവാവിനെ ആശ്ലേഷിച്ചു. ആണ്ടു തോറും ആ ഗ്രാമത്തിൽ വിരുന്നിന് എത്താമെന്ന് വാക്കു നൽകി. മറ്റു അഞ്ചു പേരും അവനെ പരിഹസിച്ചു. അവർ നാട്ടിൽ ചെന്ന് ഇങ്ങനെ പറഞ്ഞു, 'രാജാവിന്റെ കൈയിൽ നിന്ന് നല്ല സമ്മാനം വാങ്ങാനുള്ള അവസരം കളഞ്ഞു കുളിച്ച വിഡ്ഢിയാണ് ഇവൻ,' അവർ കളിയാക്കി. അവൻ എല്ലാ പുഞ്ചിരിയോടെ കേട്ടിരുന്നു.

അടുത്ത വർഷം രാജാവ് അവന്റെ വീട്ടിൽ വരേണ്ട ദിനം എത്തി. സേനാപതി അവിടെ വന്നു പരിശോധിച്ചപ്പോൾ അവന്റെ വീട്ടിലേക്കുള്ള റോഡ് താറുമാറായി കിടക്കുന്നു. അദ്ദേഹം നല്ല റോഡ് ഉണ്ടാക്കാൻ നിർദ്ദേശം നൽകി. മന്ത്രിമാർ വന്നുപരിശോധിച്ചപ്പോൾകുടിവെള്ളംഅടക്കംഒരു സൗകര്യവും ഇല്ല. അതെല്ലാം അവർ പരിഹരിച്ചു. രാജാവ് അവിടെ ഏറെ നേരം തങ്ങും എന്ന് കണ്ട മുഖ്യമന്ത്രി ആ കുടിൽ കൊട്ടാരമാക്കി മാറ്റി. എത്ര പേർ വന്നാലും കഴിക്കാൻ പോന്നത്ര അരിയും മറ്റു വസ്തുക്കളും വന്നു കുമിഞ്ഞു. തന്റെ അഭ്യർത്ഥന കൊണ്ട് ഗ്രാമത്തിനു തന്നെ നന്മ ചെയ്ത ആ



യുവാവിനെ എല്ലാവരും പ്രശംസിച്ചു.

എല്ലാ വർഷവും രാജാവ് വന്നു പോകുന്ന നാൾ ഉത്സവമായി മാറി. നാടിന് ഒട്ടേറെ മെച്ചമുണ്ടായി. ഒരു തവണ രാജകുമാരി രാജാവിനോട് നിർബന്ധം പിടിച്ച് ആ നാട്ടിൽ എത്തി. യുവാവിന്റെ അന്തസ്സും അഴകും കണ്ട് അവൾ അയാളിൽ അനുരക്തയായി. രാജാവ് മകളുടെ ആഗ്രഹ പ്രകാരം അവളെ അയാൾക്ക് വിവാഹം ചെയ്തു കൊടുത്തു. രാജാവിന് മകൻ ഉണ്ടായിരുന്നില്ല. അതിനാൽ പ്രായമായപ്പോൾ ഭരണം മരുമകനെ ഏൽപിച്ചു.

നാടിന് നന്മ ചെയ്യും വിധമായിരിക്കണം സമ്മാനം എന്ന പൊതു താൽപര്യമാണ് ഈ യുവാവിന്റെ മനസ്സിൽ ഉണ്ടായിരുന്നത്. അത് അവന് മഹത്തായ നന്മ ചെയ്തു. നല്ല കാരണങ്ങൾക്കായി നാം പ്രവർത്തിക്കുമ്പോൾ, നന്മകൾ നമ്മെ തേടി വരും.

ഒരു നല്ല കാരണം നിങ്ങളെ മുന്നോട്ടു നയിക്കുമ്പോൾ നിങ്ങൾ ജീവിതത്തിന്റെ അർത്ഥം മനസ്സിലാക്കും. നാം എന്താകണം എന്നാണ് ആഗ്രഹിക്കുന്നതെന്ന് മനസ്സിലാകും. നിങ്ങളുടെ വിധി തിരുത്തുന്ന കരുത്ത് നിങ്ങൾക്ക് ലഭിക്കും. നമുക്കുള്ള നേരം ഹ്രസ്വമായത്; അതിനുള്ളിൽ നാം ചിന്തിച്ചതെല്ലാം ചെയ്ത് പൂർത്തിയാക്കണം എന്ന ബോധ്യത്തോടെ പ്രവർത്തിക്കാൻ ആരംഭിക്കും.

❖ ജീവിതം മഹത്തായ സമ്മാനമാണ്. അത് പൂർണതയോടെ ജീവിക്കാനുള്ള കാരണങ്ങൾ ഓരോരുത്തരും വ്യത്യസ്തമായി രൂപപ്പെടുത്തുന്നു.

❖ ഈ ലോകത്ത് നാം ജനിക്കുന്നതിനും ജീവിതം ജീവിച്ചു തീർക്കുന്നതിനും ഒരു കാരണം ഉണ്ട്. ചിലർ ചെറുപ്പത്തിലേ അത് മനസ്സിലാക്കും.

❖ തങ്ങൾക്കുള്ള പാത ഇതാണെന്ന് കാരണങ്ങൾ ബോധ്യപ്പെട്ട് തെരഞ്ഞെടുക്കുന്ന മനുഷ്യർ, ആ നിശ്ചിത മേഖലയിൽ ഉയരങ്ങൾ കീഴടക്കും.

❖ എന്റെ ജീവിതത്തിന്റെ കാരണം ഇതാണ് എന്ന് മനസ്സിലാക്കുന്നവർ തങ്ങൾക്കുള്ളിൽ അതിനുള്ള പ്രേരകശക്തി ഉരുവാക്കുന്നു. ഉൾപ്രേരണകൾ അവരെ മുന്നോട്ടു നയിക്കുന്നു.

❖ 'നാം എന്തിനു വേണ്ടി ജീവിക്കുന്നു' എന്ന കാരണം മനസ്സിലാകാതെ ജീവിക്കുന്ന മനുഷ്യർ തനിക്കും നന്മ ചെയ്യില്ല, മറ്റുള്ളവർക്കും സമൂഹത്തിനും സഹായവുമാകില്ല.

❖ തങ്ങൾ എന്തിനു വേണ്ടി ജീവിക്കുന്നു എന്ന അർത്ഥം മനസ്സിലാക്കി പ്രവർത്തിക്കുന്ന മനുഷ്യരെക്കൊണ്ടാണ് സംസ്കാരം തഴയ്ക്കുന്നത്. അവർ ആത്മവിശ്വാസം നൽകും. പുതിയ കണ്ടുപിടുത്തങ്ങളിലൂടെ ഈ ലോകം മാറ്റിമറിക്കും. നമ്മുടെ ജീവിതം ലളിതമാക്കും. ●


RAMRAJ



## ചോദിക്കരുത്

സംഗീത ചക്രവർത്തിയായ മൊസാർട്ടിനെ കണ്ട ഒരു യുവാവ്, 'സർ, മികച്ച സംഗീതത്തിൽ ഗാനങ്ങൾ കമ്പോസ് ചെയ്ത് പ്രശസ്തി നേടുന്നത് എങ്ങനെ?' എന്ന് ചോദിച്ചു.'നീ ചെറുപ്പമാണ്. ആദ്യം ലളിതമായ ഗാനങ്ങൾ കമ്പോസ് ചെയ്തു നോക്കൂ. അതിൽ അനുഭവം നേടിയ ശേഷം വലുതായി പരിശ്രമിക്കാം' എന്ന് ഉപദേശിച്ചു മൊസാർട്ട്.

'താങ്കൾ 10 വയസ്സിൽ തന്നെ മികച്ച ഗാനങ്ങൾ കമ്പോസ് ചെയ്തില്ലേ?' എന്ന് വീണ്ടും ചോദിച്ചു യുവാവ്. 'ശരിയാണ്. പക്ഷേ, എങ്ങനെ ഗാനങ്ങൾ കമ്പോസ് ചെയ്യണം എന്ന് ഞാൻ ആരോടും ചോദിച്ചിട്ടില്ല' എന്ന് പുഞ്ചിരിയോടെ മറുപടി നൽകി അദ്ദേഹം.

## രണ്ടാം സമ്മാനം

വർഷങ്ങൾക്കു മുമ്പ് പസഫിക് തീരത്തുള്ള ഒരു നഗരത്തിൽ ഒരു മേള നടന്നു. അതിൽ ചാർളി ചാപ്ലിനെ അനുകരിക്കുന്നവർക്ക് ഒരു മത്സരം പ്രഖ്യാപിച്ചിരുന്നു. വലിയ തുകയായിരുന്നു സമ്മാനം.

ആ സമയത്ത് അവധി ആഘോഷിക്കാൻ ചാപ്ലിൻ ആ നഗരത്തിൽ എത്തിയിരുന്നു. അദ്ദേഹം അവിടെ ഉണ്ടെന്ന് ആർക്കും അറിയില്ല. മത്സരത്തെ പറ്റി കേട്ട ചാപ്ലിൻ തന്റെ പതിവ് സിനിമ വേഷത്തിൽ മത്സരത്തിൽ പങ്കെടുത്തു.

പ്രച്ഛന്ന വേഷധാരിയായി അഭിനയിച്ച മറ്റൊരാൾക്ക് ഒന്നാം സമ്മാനവും ചാപ്ലിന് രണ്ടാം സമ്മാനവുമാണ് ലഭിച്ചത്. സത്യത്തേക്കാൾ കള്ളങ്ങളാണ് ജനങ്ങൾ കൂടുതൽ വിശ്വസിക്കുന്നത് എന്ന് ബോധ്യപ്പെടുത്തുന്ന സംഭവം ഇത്.






## അത് ദുർവിധി അല്ല

സ്കോട്ട്ലണ്ടിൽ കഴിയുന്ന ക്ലാർക്കിനും കുടുംബത്തിനും അമേരിക്കയിൽ പോകണം എന്നത് ജീവിതകാല സ്വപ്നം. വിമാനം ഇല്ലാത്ത ആ കാലത്ത് കപ്പലിൽ വേണം യാത്രചെയ്യാൻ. ഇതിനു വർഷങ്ങളായി പണം സ്വരുക്കൂട്ടി വരികയായിരുന്നു. അദ്ദേഹവും ഭാര്യയും ഒമ്പതു മക്കളും യാത്രയ്ക്കുള്ള പണം സമ്പാദിച്ചു.

## ഈശ്വരൻ വലിയവൻ

പ്രാർത്ഥനയെ ഗാന്ധിജി ഈശ്വരനോട് സംസാരിക്കുന്ന നേരമായിട്ടാണ് വർണിക്കുന്നത്. ഒരിക്കൽ തന്റെ ഒരു ക്രിസ്ത്യൻ സുഹൃത്തിന്റെ വീട്ടിൽ അദ്ദേഹം ചെന്നു. അപ്പോൾ ആ സുഹൃത്ത് പ്രാർത്ഥനയിലായിരുന്നു. ഗാന്ധിജി വന്നതറിഞ്ഞ് അദ്ദേഹം പെട്ടെന്ന് പ്രാർത്ഥന അവസാനിപ്പിച്ചു. ഗാന്ധിജിയെ കാത്തു നിർത്തിയതിന് ക്ഷമ ചോദിച്ചു.

'എന്തിനാണ് ഇങ്ങനെ ചെയ്തത്?'



## അറിയാത്തത് അനുഗ്രഹമായി

ഒരു കോളേജിൽ ഗണിത ക്ലാസ് നടക്കുകയാണ്. ബോർഡിൽ രണ്ട് കണക്കുകൾ എഴുതിയ പ്രൊഫസർ, 'ഇതു വരെ ആർക്കും ഉത്തരം കാണാൻ കഴിയാത്ത കണക്കുകളാണ് ഇവ,' എന്നുപറഞ്ഞു. അന്ന് വളരെ താമസിച്ചാണ് ക്ലാസിൽ ഒരു വിദ്യാർത്ഥി എത്തിയത്. അപ്പോഴേക്കും ക്ലാസ് കഴിഞ്ഞ് എല്ലാവരും ഇടവേളയ്ക്ക് പുറത്തു പോയിരുന്നു. ബോർഡിൽ എഴുതിയിരിക്കുന്ന കണക്ക് ഗൃഹപാഠം ആണെന്ന് കരുതി, നോട്ടിൽ അത് പകർത്തി കൊണ്ടുപോയി. പതിവിലും കഠിനമായി തോന്നിയെങ്കിലും, പിറ്റേ ദിവസം ഉത്തരവുമായെത്തി. പ്രൊഫസർ അത്ഭുതപ്പെട്ടു.

ആ വിദ്യാർത്ഥി പിൽക്കാലത്ത് പ്രശസ്ത ഗണിതശാസ്ത്രജ്ഞനായ ജോർജ് ഡാൻട്സിഗ് ആയിരുന്നു. ആ നേട്ടത്തിന് അദ്ദേഹം പറഞ്ഞ കാരണം, 'ആ കണക്കിന് ഉത്തരം കാണാൻ ആർക്കും കഴിയില്ലെന്ന കാര്യം എനിക്ക് അറിയില്ലായിരുന്നു. അതിനാലാണ് എനിക്ക് ഉത്തരം കാണാൻ കഴിഞ്ഞത്.'


അപ്പോഴാണ് പുതിയ ഒരു കപ്പൽ നീറ്റിൽ ഇറക്കിയത്. അത് അമേരിക്കയിൽ നിന്ന് ഇംഗ്ലണ്ടിൽ എത്തി. ആ ആഡംബര കപ്പലിൽ യാത്ര ചെയ്യുന്നത് വലിയ അനുഭവം ആകുമെന്ന് കരുതി ക്ലാർക്ക് അതിൽ തന്റെ കുടുംബത്തിനു ടിക്കറ്റ് വാങ്ങി.

അവർ അമേരിക്കയിൽ പോകുന്നതിന് ഒരാഴ്ച മുമ്പ്, ക്ലാർക്കിന്റെ ഇളയ മകനെ പട്ടി കടിച്ചു. പടരുന്ന പേവിഷബാധയിൽ ലോകം നടുങ്ങിയ കാലം അത്. കുട്ടിക്ക് ചികിത്സ നൽകിയെങ്കിലും കുടുംബം മുഴുവനും 14 ദിവസം ക്വാറന്റൈനിൽ ആയി. വീട്ടിൽ നിന്ന് ആർക്കും പുറത്തു പോകാൻ അനുമതിയില്ല. തന്റെ അമേരിക്കൻ സ്വപ്നം തകർന്നതിന് ക്ലാർക്ക് മകനെയും നായയെയും ഈശ്വരനെയും ശകാരിച്ചു.

ആ കപ്പൽ അവർ ഇല്ലാതെയാണ് യാത്ര തുടങ്ങിയത്. അഞ്ചു ദിവസങ്ങൾക്കു ശേഷം ഒരു ദുരന്ത വാർത്ത വന്നു. നടുക്കടലിൽ ഹിമാനിയിൽ തട്ടി ആ കപ്പൽ മുങ്ങി. അതിൽ യാത്ര ചെയ്ത നൂറു കണക്കിന് പേർ മുങ്ങി മരിച്ചു. അതെ, അവർ യാത്ര ചെയ്യേണ്ടിയിരുന്നത് ടൈറ്റാനിക് കപ്പലിൽ ആയിരുന്നു. ഏതു നായ്ക്കുട്ടിയെ ക്ലാർക്ക് ശപിച്ചുവോ അത് അവരുടെ കുടുംബത്തെ തന്നെ രക്ഷപ്പെടുത്തി. ഇത് മനസ്സിലാക്കിയ അദ്ദേഹം ഈശ്വരന് നന്ദി പറഞ്ഞു.

എന്ന് ചോദിച്ചു ഗാന്ധി. 'താങ്കൾ വലിയ മനുഷ്യനാണ്. താങ്കളോട് സംസാരിക്കേണ്ട തുള്ളതിനാൽ പ്രാർത്ഥനാ സമയം കുറച്ചു' എന്നു പറഞ്ഞു അദ്ദേഹം. 'ഈശ്വരൻ എന്നേക്കാൾ പ്രധാനപ്പെട്ട വലിയ വ്യക്തിയല്ലേ? അദ്ദേഹത്തോട് നിങ്ങൾ സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ, അദ്ദേഹത്തേക്കാൾ ചെറിയ മനുഷ്യനായ ഞാനാണ് കാത്തിരിക്കേണ്ടത്. അതാണ് ശരിയും.' എന്നു പറഞ്ഞു മഹാത്മാ ഗാന്ധി.

മഹാത്മാവിന് പ്രാർത്ഥന ഒരു ചടങ്ങ് അല്ല, അത് ദൈവവും നാമും സംസാരിക്കുന്ന സമയമാണ്.




RAMRAJ



# ജീവിത നിയമങ്ങൾ അറിയാം

റോഡിൽ അലഞ്ഞുതിരിഞ്ഞ ഒരു നായ ആളില്ലാത്ത ഒരു ബംഗ്ലാവിൽ നുഴഞ്ഞു കയറി. കഴിക്കാൻ എന്തെങ്കിലും കിട്ടുമോ എന്നറിയാൻ അവിടെ ഉണ്ടായിരുന്ന മുറിയിൽ ഒന്നിൽ കയറിയ നായ തരിച്ചു പോയി. ആ മുറിക്കു ചുറ്റിലും അനവധി നായ്ക്കൾ. അത് അസ്വസ്ഥമായി കുരച്ചു. എല്ലാ നായ്ക്കളും അതേ സ്വരത്തിൽ തിരികെ കുരച്ചു.

ആ രംഗത്തിലും ശബ്ദത്തിലും അത് അൽപം ഭയന്നു. എങ്കിലും ഭയം പുറമേ കാട്ടാതെ വീണ്ടും കുരച്ചു. ഉടനെ എല്ലാ നായ്ക്കളു കുരയ്ക്കാൻ തുടങ്ങി. നായ അവശനായി കുര നിർത്തിയപ്പോൾ മറ്റു നായകളും കുര നിർത്തി. ഭയവും ദേഷ്യവും പിടികൂടിയ നായ വീണ്ടും ഭ്രാന്തു പിടിച്ച പോലെ കുരച്ചു തുടങ്ങി. തിരികെ ആ നായ്ക്കളും കുരച്ചു. അവസാനം ആ നായ ഭയന്ന് ചത്തു പോയി.

ആ നായ അൽപം ശ്രദ്ധിച്ചിരുന്നെങ്കിൽ അതിന് മനസ്സിലായിരുന്നിരിക്കും, താൻ ധാരാളം കണ്ണാടികൾ ചുവരിൽ പതിപ്പിച്ച മുറിയിലാണ് എത്തിയിരിക്കുന്നത് എന്ന്; തനിക്കു ചുറ്റുംകുരച്ചത്തന്റെപ്രതിബിംബങ്ങൾ ആയിരുന്നുവെന്ന്; ചുറ്റും കേട്ട കുരശബ്ദം തന്റെ പ്രതിധ്വനി ആയിരുന്നുവെന്ന്.

'ഇരുമ്പിനെ മറ്റൊന്നു കൊണ്ടും നശിപ്പിക്കാനാകില്ല; അത് സ്വയം തുരുമ്പെടുത്ത് നശിക്കും'എന്നൊരു സുവർണ മൊഴി ഉണ്ട്. ഒരു വ്യക്തിയെയും മറ്റൊരു മനുഷ്യനെ കൊണ്ടു വീഴ്ത്താൻ കഴിയില്ല. എന്നാൽ അവരുടെ സ്വന്തം പ്രവർത്തികൾ അവരെ വീഴ്ത്തുന്ന ആയുധമായി മാറും. ഒരാൾ എന്തു ചിന്തിക്കുന്നുവോ, ആ മാർഗത്തിലൂടെയായിരിക്കും അവരുടെ വളർച്ചയും വീഴ്ചയും.

യാതൊരു പരിചയവുമില്ലാത്ത വ്യക്തികൾ ആയിരിക്കാം. എന്നാലും അവർ ചെയ്യുന്ന തെറ്റുകൾ ക്ഷമിക്കാൻ ചിലർ ഒരുക്കമാണ്. എന്നാൽ അടുത്ത ആരെങ്കിലും ആകട്ടെ, ചെറിയ ഒരു തെറ്റ് ചെയ്താൽ പോലും അവർ ക്ഷമിക്കുകയില്ല. പരമാവധി ശിക്ഷ നൽകുന്ന ന്യായാധിപൻ ആയി അയാൾ മാറും. അടുത്ത ബന്ധത്തിൽ ഉള്ളവരെ ജീവിതകാലം മുഴുവൻ ശത്രുവായി കണ്ട് പെരുമാറുന്നവർ ധാരാളമുണ്ട്.

അത്യാവശ്യമായി പുറത്തു പോകുമ്പോൾ എതിരെ വരുന്ന ആളെ നോക്കി 'ഈ മുഖമാണോ കണി കണ്ടത്. ഇന്ന് എന്താകുമോ ഗതി' എന്ന് ശകുനം നോക്കുന്നവർ ഉണ്ട്. 'ഈ നേരത്ത് ആരാ



ഫോൺ ചെയ്യുന്നത്' എന്ന് സെൽഫോണിൽ വിളിക്കുന്നവരെ നോക്കി ചിലർ മനസ്സിൽ ദേഷ്യപ്പെടും. 'ഇയാൾ എന്ത് പറഞ്ഞാലും ഞാൻ പറഞ്ഞതിന് എതിരായിട്ടാണല്ലോ' എന്ന് ചിലരെ പറ്റി ചിലർ അരിശം കൊള്ളും.

ജീവിതത്തിന്റെ നാല് നിയമങ്ങൾ അവർക്ക് അറിയില്ല. ഇവിടെ പല കാര്യങ്ങളും ആകസ്മികം പോലെ തോന്നിയാലും, ഏതോ ഒരു മുൻതീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് അവ സംഭവിക്കുന്നത് എന്ന് പറയുന്നു ഈ നിയമങ്ങൾ. കയോസ് തിയറി എന്ന പ്രശസ്തമായ ഒരു സിദ്ധാന്തം ഉണ്ട്. 'ഭൂമിയുടെ ഒരു ഭാഗത്ത് ഉണ്ടാകുന്ന ഒരു ചിത്രശലഭത്തിന്റെ ചിറകടിക്കും, മറ്റൊരു ഭാഗത്ത് സംഭവിക്കുന്ന ഭൂകമ്പത്തിനും ബന്ധം ഉണ്ട്' എന്ന സിദ്ധാന്തമാണ് അത്. അത്തരത്തിലുള്ളവയാണ് ഈ ജീവിത നിയമങ്ങളും.

ഇതിൽ ഒന്നാമത്തെ നിയമം, 'നിങ്ങൾ ഏതു നിമിഷത്തിൽ ആരെ കണ്ടുമുട്ടിയാലും, ഏറ്റവും ഉചിതമായ വ്യക്തിയെയാണ് നിങ്ങൾ കണ്ടുമുട്ടിയിരിക്കുന്നത്' എന്നതാണ്.

നിങ്ങളുടെ ബന്ധുക്കൾ നിങ്ങൾ ജനിക്കും മുമ്പേ തന്നെ തീരുമാനിക്കപ്പെടുന്നു. നിങ്ങളുടെ സുഹൃത്തുക്കൾ, നിങ്ങൾക്ക് പരിചിതമായ ചുറ്റുപാടിൽ നിന്ന് രൂപപ്പെടുന്നു. നിങ്ങളുടെ ജീവിതത്തിൽ ആരും ആകസ്മികമായോ കാരണമില്ലാതെയോ കുറുകെ വരാറില്ല. ഓരോ വിഷയവും കൃത്യമായി ആസൂത്രണം ചെയ്തവയാണ്. നിങ്ങളുടെ ജീവിതത്തിൽ കുറുകെ വരുന്ന ഇവർ നിങ്ങൾക്ക് അനുഭവങ്ങൾ നൽകും; പാഠങ്ങൾ നൽകും; സഹായങ്ങൾ ചെയ്ത് നിങ്ങളെ സമ്പന്നമാക്കും. തെറ്റുകൾ ചെയ്ത് നിങ്ങളെ പക്വമതിയാക്കും. അതിനാൽ എന്തു കാരണത്തിനു വേണ്ടിയും ഇവരോട് നിങ്ങൾ ദേഷ്യപ്പെടുന്നതിൽ അർത്ഥമില്ല.

രണ്ടാമത്തെ നിയമം, 'എന്ത് നടന്നതോ, അത് ഒന്നല്ലാതെ മറ്റൊന്നും നടക്കാൻ സാധ്യതയില്ല' എന്നതാണ്.

ചിലർ പണ്ടു ചെയ്ത തെറ്റുകളുടെ പേരിൽ ജീവിതകാലം മുഴുവൻ പഴിച്ചു കൊണ്ടിരിക്കും. 'നഗരത്തിൽ കോളെജിനു സമീപം ഒരു സ്ഥലം കുറഞ്ഞ



വിലയ്ക്ക് വാങ്ങാൻ പറഞ്ഞതാണ്. അന്ന് അത് വാങ്ങിയിരുന്നെങ്കിൽ ഇപ്പോൾ ഞാൻ കോടീശ്വരൻ ആയിരുന്നേനെ' എന്ന് പുലമ്പും ചിലർ. 'ഗ്രാമിന് 400 രൂപ വിലയുള്ളപ്പോൾ പത്തു പവൻ സ്വർണം വാങ്ങാൻ പറഞ്ഞതാണ്. അന്ന് അത് കേട്ടില്ല. ഇന്ന് പത്തിരട്ടി വിലയായി' ചിലർ ഇങ്ങനെ പരിതപിക്കും. 'അക്കരപ്പച്ച' എല്ലാവരും കാണുന്നതാണ്. 'കൈവിട്ട സന്ദർഭം' എന്ന് ഇവർ ചിന്തിക്കുന്നത് മറ്റുള്ളവർക്ക് ശാപമായി മാറിയിട്ടില്ലെന്ന് ആർക്കറിയാം?

മൂന്നാമത്തെ നിയമം, 'ഓരോ നിമിഷത്തിലും ഏത് സംഭവിച്ചു തുടങ്ങുന്നുവോ, അതാണ് അത് തുടങ്ങാൻ ശരിയായ സമയം' എന്നതാണ്.

ഇരുപത് വയസ്സിൽ തന്നെ വ്യവസായ സ്ഥാപനം ആരംഭിച്ച് കോടീശ്വരനായവരും ഉണ്ട്; വിരമിച്ച ശേഷം 60 വയസ്സിൽ പുതിയ ബിസിനസ് ആരംഭിച്ച് വിജയിച്ചവരും ഉണ്ട്. 60 വയസ്സിൽ തന്നെ നടക്കാൻ ബുദ്ധിമുട്ടുന്നവർ ഉണ്ട്. എന്നാൽ 100 വയസ്സു കഴിഞ്ഞ ഒരു വൃദ്ധൻ, മുതിർന്നവരുടെ 100 മീറ്റർ ഓട്ടപ്പന്തയത്തിൽ ഗിന്നസ് റെക്കോർഡ് നേടിയിട്ടും ഉണ്ട്. 'ഇപ്പോഴാണ് ഇതിനുള്ള അവസരം ലഭിച്ചത്' എന്ന് വിശ്വസിക്കുന്നവർക്ക് ഒരിക്കലും വീഴ്ച ഉണ്ടാകില്ല.

നാലാമത്തെ നിയമം, 'സംഭവിച്ചത് സംഭവിച്ചു' എന്നതാണ്.

ജീവിതത്തിൽ ഏതെങ്കിലും ഒരു കാര്യം നാം ആഗ്രഹിക്കാത്ത വിധത്തിൽ സംഭവിച്ചിരിക്കാം. 'ഇത് ഇങ്ങനെ നടന്നിരുന്നെങ്കിൽ' എന്ന് മനക്കോട്ട കെട്ടിക്കൊണ്ടിരിക്കരുത്. ആർക്കും കഴിഞ്ഞു പോയ നിമിഷത്തിൽ ജീവിക്കാൻ കഴിയില്ല; ടൈം മെഷീനിൽ സഞ്ചരിച്ച് സംഭവിച്ചവ മാറ്റാൻ കഴിയില്ല. ജീവിതത്തിന് റിവേഴ്സ് ഗിയർ ഇല്ല.

ഓരോ സംഭവവും നമുക്ക് ചില പാഠങ്ങൾ നൽകും. പഠിക്കാൻ ആഗ്രഹം ഉള്ളവർ മുന്നേറും. വാശിപിടിച്ച് അവിടെത്തന്നെ ഉറഞ്ഞു കൂടിയവർ ഈ ലോകത്തു നിന്നു തന്നെ അപ്രത്യക്ഷരാകും. ●




RAMRAJ



# എല്ലാത്തിനും കാരണം ഉണ്ട്

എല്ലാ സൗകര്യങ്ങളും ഉള്ള, ആവശ്യങ്ങൾ വേണ്ടതിൽ കൂടുതൽ നിറവേറപ്പെടുന്ന ഈ ആധുനിക കാലത്ത് നമുക്ക് ഇല്ലാതെ പോകുന്നത് ഒരേ ഒരു കാര്യമാണ്-ക്ഷമ. ഒരു കാര്യത്തിനും കാത്തിരിക്കാൻ പലർക്കും ക്ഷമയില്ല. സിഗ്നലിൽ ചുവപ്പ് വിളക്ക് കണ്ടാൽ അരിശം, നാം സ്ഥിരമായി യാത്ര ചെയുന്ന ബസ് താമസിച്ചു വന്നാൽ ദേഷ്യം, അന്വേഷിച്ചു പോയ ഒരാളെ കണ്ടില്ലെങ്കിൽ ദേഷ്യം. ദിവസം തോറും ജീവിതത്തിൽ നാം നേരിടുന്ന ചെറിയ ചെറിയ തടസ്സങ്ങൾ, താമസം, ശ്രദ്ധക്കുറവുകൾഎന്നിവയുടെപേരിൽദേഷ്യപ്പെട്ട് നമ്മുടെ സ്വാഭാവിക രീതി നശിപ്പിക്കണോ? ഇങ്ങനെ ഒരു ചോദ്യം ഉണ്ടെങ്കിൽ ഇത് അവശ്യം വായിക്കണം വായിക്കണം.

2001 സെപ്തംബർ മാസം 11-ന് യു എസിലെ ന്യൂയോർക്ക് നഗരത്തിലെ വേൾഡ് ട്രേഡ് സെന്ററിന്റെ ഇരട്ട ഗോപുരങ്ങൾ ഭീകരന്മാർ ആക്രമിച്ചു തകർത്തു. ഭീകരർ പറത്തിയ രണ്ടു വിമാനങ്ങൾ ആ കെട്ടിടങ്ങളിൽ ഇടിച്ച് അവ തകർന്നുവീണപ്പോൾധാരാളംപേർഅവിടെമരിച്ചു വീണു. ആ കെട്ടിടങ്ങളിൽ പല സ്ഥാപനങ്ങളുടെ ഓഫീസുകൾ ഉണ്ടായിരുന്നു. ആക്രമണം മൂലം അവർ അനുഭവിച്ച ഭീതിയിൽ നിന്നും വിഷമങ്ങളിൽ നിന്നും രക്ഷപ്പെടാൻ അവർക്ക് മാസങ്ങൾ തന്നെ വേണ്ടി വന്നു.

അതിന് ചില മാസങ്ങൾക്ക് ശേഷം ന്യൂ യോർക്കിൽ ഒരു സമ്മേളനം നടന്നു. ആക്രമണം നടന്ന കെട്ടിടങ്ങളിൽ ജോലി ചെയ്തിരുന്ന, ആ ആക്രമണത്തിൽ നിന്ന് രക്ഷപ്പെട്ടവരുടെ സമ്മേളനമായിരുന്നു അത്. തങ്ങൾ മരണത്തിൽ നിന്ന് രക്ഷപ്പെട്ട അനുഭവം അവർ അവിടെ പങ്കുവച്ചു.



● അന്ന്താൻഓഫീസിൽവരാൻതാമസിച്ചതിനു കാരണം തന്റെ കുഞ്ഞ് ആയിരുന്നു എന്ന് ഒരു മാനേജർ സാക്ഷ്യപ്പെടുത്തി. അന്നായിരുന്നു തന്റെ കുട്ടി ആദ്യമായി സ്കൂളിൽ പോയത്. 'അച്ചൻ ഇല്ലാതെ സ്കൂളിൽ പോകില്ലെന്ന്' കുട്ടി വാശി പിടിച്ചു. വേറെ വഴിയില്ലാത്തതു മൂലം അയാൾക്ക് കുട്ടിക്ക്ഒപ്പംപോകേണ്ടിവന്നു. അതിനാൽ15മിനിറ്റ്



താമസിച്ചാണ് ഓഫീസിലേക്ക് വന്നത്. അങ്ങനെ അയാൾ രക്ഷപ്പെട്ടു.

● തന്റെ വീട്ടിലെ അലാറം മൂലമാണ് ഒരു സ്ത്രീ ഓഫീസിൽ വരാൻ താമസിച്ചത്. ബാറ്ററി കേടായി പോയത് കൊണ്ട് അന്ന് അലാറം അടിച്ചില്ല. അതിനാൽ പതിവ് നേരത്ത് അവർക്ക് ഓഫീസിലേക്ക് ഇറങ്ങാൻ കഴിഞ്ഞില്ല. താമസിച്ച് എഴുന്നേറ്റതിന് അലാറത്തെ കുറ്റപ്പെടുത്തി തിരിക്കുമ്പോൾ അരമണിക്കൂർ ലേറ്റ്. ഓഫീസിനടുത്തു വന്നപ്പോൾ വലിയ പുകയിൽ തന്റെ സ്ഥാപനം കത്തി അമരുന്നതാണ് അവർ കണ്ടത്.

● എപ്പോഴും കൃത്യ സമയത്ത് ഓഫീസിൽ വരുന്ന ഒരാൾക്ക് അന്ന് വലിയ ഒരു പ്രശ്നം. അദ്ദേഹം വരുന്ന റോഡിൽ ഒരു വലിയ അപകടം. കാറുകൾകൂട്ടിയിടിച്ചത്മൂലംഗതാഗതംസ്തംഭിച്ചു. പൊലിസ് ഗതാഗതം സുഗമമാക്കിയപ്പോൾ ഒരു മണിക്കൂർ കഴിഞ്ഞു. കഷ്ടപ്പെട്ട് ധൃതിയിൽ വണ്ടി ഓടിച്ചു പോയപ്പോൾ അടുത്ത ട്രാഫിക് ജാം. എല്ലാവരെയും ചീത്ത പറഞ്ഞ് കാറിന് വെളിയിൽ കൂടി നോക്കിയപ്പോഴാണ് ഭീമാകാരമായ തന്റെ ഓഫീസ് കെട്ടിടം തകർന്നു വീണത് മൂലമായിരുന്നു ആ ഗതാഗത തടസ്സം എന്ന് അയാൾക്ക് മനസ്സിലായത്.

●ടെലിഫോൺഓപ്പറേറ്റർആയിഒരുഓഫീസിൽ ജോലി നോക്കിയിരുന്ന ഒരു സ്ത്രീ രക്ഷപ്പെട്ട കാരണം വിചിത്രമാണ്. രാവിലെ ഓഫീസിലേക്ക് റെഡിയായി, ടിഫൻ കഴിക്കുമ്പോൾ അവരുടെ വസ്ത്രത്തിൽ ഭക്ഷണം വീണു. വസ്ത്രം മാറി പുറപ്പെട്ടപ്പോൾ, ബസ് പോയി. അടുത്ത ബസ് 20 മിനിട്ട് കഴിഞ്ഞേ ഉള്ളൂ. ടെൻഷനായി അതിൽ കയറി വരുമ്പോൾ, ജനലിലൂടെ കണ്ട കാഴ്ച ആ സ്ത്രീയെ ഭയചകിതയാക്കി. ആ സ്ത്രീയുടെ ഓഫീസ് കെട്ടിടത്തിൽ വിമാനം വന്നിടിക്കുന്ന കാഴ്ചയായിരുന്നു അത്.

● മറ്റൊരു സ്ഥാപനത്തിൽ എച്ച് ആർ ഡി ആയിരുന്ന ഒരാൾ വീട്ടിൽ നിന്ന് ഇറങ്ങാൻ തുടങ്ങുമ്പോൾ ഒരു ഫോൺ. ഉള്ളിൽ പോയി ഫോൺ എടുത്തു. സംസാരിച്ചത് ഗ്രാമത്തിൽ കഴിയുന്ന അദ്ദേഹത്തിന്റെ മുത്തശ്ശി. അവർ സംസാരിച്ചു കൊണ്ടേ ഇരുന്നു. ഏറെക്കാലത്തിനു ശേഷം സംസാരിക്കുകയായിരുന്നു എന്നതിനാൽ ഫോൺ കട്ട് ചെയ്യാൻ പറ്റിയില്ല. ആ പത്തു മിനിറ്റ് അയാളുടെ ജീവനായിരുന്നു രക്ഷപ്പെടുത്തിയത്.

● രാത്രിഷെഡിൽ നിർത്തിയ കാർ രാവിലെ നോക്കുമ്പോൾ പഞ്ചറായി കിടക്കുന്നു. ടയർ നന്നാക്കി തിരിക്കുമ്പോൾ താമസിച്ചതിനാൽ തന്റെ ജീവൻ രക്ഷപ്പെട്ടുവെന്ന് ഒരു ഓഡിറ്റർ.

● ഓഫീസിൽ പോകാൻ ഒരുങ്ങിയ സോഫ്റ്റ്വെയർ എഞ്ചിനീയർ പുതുതായി വാങ്ങിയ ഷൂ അന്നാണ് അണിഞ്ഞത്. ചെരിപ്പു കടി മൂലം അയാൾക്ക് നടക്കാൻ കഴിഞ്ഞില്ല. കാലിൽ വ്രണം. പതിയെ നടന്ന് ഓഫീസിന് അരികിൽ എത്തിയപ്പോൾ, അത് തകർന്നു വീഴുന്ന കാഴ്ചയാണ് അദ്ദേഹം കണ്ടത്.

● ഒരു സ്ത്രീക്ക് കുഞ്ഞു പിറന്നിട്ട് അധിക നാളായിട്ടില്ല. ദിവസവും കുഞ്ഞിനെ നോക്കാൻ ഒരു ജോലിക്കാരി വരും. അന്ന് ആ ജോലിക്കാരി അവധിയെടുത്തു. അങ്ങനെ അവർക്ക് വീട്ടിൽ ഇരിക്കേണ്ടി വന്നു. അന്ന് ജോലിക്കാരി വന്നിരുന്നെങ്കിൽ കുഞ്ഞിന് എന്നെന്നേക്കുമായി അമ്മയെ നഷ്ടപ്പെടുമായിരുന്നു.

● ഗർഭിണിയായ ഒരു സ്ത്രീക്ക് ദിവസവും രാവിലെ തളർച്ചയും ഓക്കാനവും ഉണ്ടാകുന്നതിനാൽ എന്നും വൈകിയാണ് ഓഫീസിൽ എത്തുന്നത്. അത് ദഹിക്കാത്ത മാനേജർ അവരെ ജോലിയിൽ നിന്ന് പിരിച്ചുവിട്ടു. അപ്പോൾ അവർ കുഞ്ഞിനെ ശപിച്ചു. എന്നാൽ, ആ സ്ത്രീക്ക്ജോലിനഷ്ടപ്പെട്ടപിറ്റേദിവസമായിരുന്നു ഈ ആക്രമണം നടന്നത്.

തങ്ങളുടെ ജീവിതത്തിൽ അപ്രതീക്ഷിതമായി നടന്ന മോശം കാര്യങ്ങളാണ്, സ്വന്തം ജീവൻ രക്ഷിക്കാൻ കാരണമായതെന്ന് കണ്ണീരോടെ അവരെല്ലാവരും പറഞ്ഞു. അടുത്ത തവണ ബസ് വൈകുമ്പോഴും ക്യൂവിൽ നിൽക്കുമ്പോഴും രാവിലെ കുട്ടി സ്കൂളിൽ പോകാൻ വൈകുമ്പോഴും ആരെങ്കിലും ഫോൺ ചെയത് നമ്മുടെ തിരക്ക് മനസ്സിലാകാതെ വെറുതേ സംസാരിക്കുമ്പോഴും ട്രാഫിക് ജാമിൽ കുടുങ്ങുമ്പോഴും ദേഷ്യപ്പെടരുത്. ഈ നിമിഷം ഇത്തരത്തിൽ കുടുങ്ങുന്നതിന് എന്തെങ്കിലും ഒരു കാരണം ഉണ്ടായിരിക്കും എന്ന് ചിന്തിക്കണം. ●

വെണ്മ
പുതിയ കാഴ്ചകൾ

വോള്യം 7 ലക്കം 2
ഒക്ടോബർ 2024

ഓണററി എഡിറ്റർ
**കെ ആർ നാഗരാജൻ**

പത്രാധിപർ
**ടി ജെ ജ്ഞാനവേൽ**

എക്സിക്യൂട്ടീവ് എഡിറ്റർ
**സെബാസ്റ്റ്യൻ ജോസഫ്**

അസിസ്റ്റന്റ് എഡിറ്റർ
**വേണുഗോപാൽ എസ്**

പ്രൊഡക്ഷനും ഡിസൈനും
തരു മീഡിയ (പ്രൈ) ലിമിറ്റഡ്
10/55, രാജു തെരുവ്
വെസ്റ്റ് മാമ്പലം,
ചെന്നൈ 600033

ഈ മാസികയുടെ ഒരു ഭാഗവും രേഖാപൂർവമുള്ള മുൻകൂർ അനുമതിയില്ലാതെ ഇലക്ട്രോണിക് മാധ്യമങ്ങൾ അടക്കം പുനപ്രസിദ്ധീകരിക്കുന്നത് പകർപ്പവകാശ നിയമനുസരിച്ച് നിരോധിക്കപ്പെട്ടിരിക്കുന്നു.

Published by
K.R. NAGARAJAN,
Published from
10, Sengunthapuram
Mangalam Road, TIRUPUR–641 604.
Email: venmaii@ramrajcotton.net

# കാരണവും ഫലവും

കഴിഞ്ഞ വർഷം ശാസ്ത്രജ്ഞരെ അമ്പരപ്പിച്ച ഒരു സംഭവം ഉണ്ടായി. ഭൂമിക്കടിയിൽ നിന്ന് ഒമ്പത് ദിവസം തുടർച്ചയായി ഒരു ശബ്ദം ഭൂകമ്പമാപിനിയിൽ രേഖപ്പെടുത്തി.എവിടെനിന്ന്,എങ്ങനെഅത് രൂപപ്പെട്ടു എന്ന് ആർക്കും അറിയില്ല. അവസാനം ഭൂമിയെ ഭീതിയിൽ നിർത്തിയ ആ ശബ്ദത്തിന്റെ കാരണം അവർ നീണ്ട ഗവേഷണത്തിനു ശേഷം അടുത്തിടെ കണ്ടെത്തി. കാലാവസ്ഥ വ്യതിയാനം മൂലം ചൂട് കൂടി ആർട്ടിക്കിലെ ഒരു കൂറ്റൻ ഹിമാനി ഗ്രീൻലാൻഡ് ഭാഗത്ത് ഉരുകി അതിനോടൊപ്പം ഉണ്ടായിരുന്ന ഒരു വൻ മല കടലിൽ ഇടിഞ്ഞു വീണത് മൂലം വലിയ സുനാമി ഉണ്ടായി. അതിന്റെ പ്രകമ്പനങ്ങൾ ഒമ്പത് ദിവസം നീണ്ടു. അതാണ് എല്ലായിടത്തും ഒരു പ്രത്യേക ശബ്ദമായി രേഖപ്പെടുത്തിയത്. ഓരോ സംഭവത്തിനു പിന്നിലും നിഗൂഢമായ വസ്തുതകൾ ഉണ്ടെന്ന് ഉറപ്പിക്കുന്നതായിരുന്നു ഈ കണ്ടെത്തൽ.

എല്ലാ സംഭവങ്ങൾക്കു പിന്നിലും ഒരു കാരണം ഉണ്ട്. അത് കണ്ടറിഞ്ഞ് അതിനനുസരിച്ച് നാം ജിവിതത്തിൽ മാറ്റങ്ങൾ വരുത്തണം എന്ന് പണ്ഡിതർ. ഇല്ലെങ്കിൽ നാം ആൾക്കൂട്ടത്തിനെ പിന്തുടർന്ന് നശിച്ചു പോകും. നമ്മുടെ ജീവിതത്തെ ബാധിക്കുന്ന പല കാര്യങ്ങളും അവ്യാഖ്യേയമാണെന്ന് തോന്നാമെങ്കിലും അതിന്റെ എല്ലാം പിന്നിൽ ഒരു കാരണം ഉണ്ട്. നാം അത് കണ്ടെത്തണം എന്ന് മാത്രം.

എന്തു കൊണ്ടാണ് നമ്മുടെ ജീവിതത്തിലും പ്രവർത്തിയിലും ഓരോ മാറ്റങ്ങൾ ഉണ്ടാകുന്നത് എന്ന് നാം അന്വേഷിക്കണം.അതിന്റെ കാരണം കണ്ടെത്തുക എളുപ്പമല്ല. പക്ഷേ അത് കണ്ടെത്തിയാൽ മാത്രമേ നമുക്ക് മുന്നോട്ടു പോകാൻ കഴിയൂ. ആ കണ്ടെത്തലിൽ നിന്ന് നമുക്ക് എവിടെയാണ് പിഴച്ചത്, എവിടെയാണ് തിരുത്തേണ്ടത് എന്ന് തിരിച്ചറിയാൻ കഴിയും. ഇത് ശാസ്ത്രത്തിനു മാത്രമല്ല എല്ലാ പ്രവർത്തനത്തിനും ബാധകമാണ്.

കാരണം കണ്ടെത്താതെ അല്ലെങ്കിൽ അന്വേഷിക്കാതെ നാം ചെയ്യുന്ന ഓരോ പ്രവൃത്തിയും വലിയ ആപത്തിലേ കലാശിക്കൂ. അതു കൊണ്ട് കാരണം കണ്ടെത്തി അതിനനുസരിച്ച് നാം മുന്നോട്ടു പോയാൽ അത് വിജയകരമായ ജീവിതത്തിന് വഴി തെളിക്കും. ●


Power of Trust
India's Most Trusted Dhoti Brand
RAMRAJ
CULTURE CLUB®
MATCHING DHOTIS ● SHIRTS
SCAN QR CODE FOR STORE LOCATION
Shop Online @ www.ramrajcotton.in





Shop Online @ www.ramrajcotton.in



Culture India™
TRADITIONAL KURTA•DHOTI
RAMRAJ©
INFUSE CULTURE IN EVERY CELEBRATION WITH THE PERFECT WEAVE.
Step into every celebration with grace, class, and elegance in a Ramraj Kurta, crafted for comfort and tailored for every occasion. Made using traditional weaving techniques, our kurtas are the perfect choice for unforgettable moments!
SCAN QR CODE FOR STORE LOCATION
Power of Trust
India's Most Trusted Dhoti Brand
India's Most Attractive Brands
India's Most Attractive Dhoti Brands
Available @ Ramraj Showrooms & All leading textile shops | Shop online @ www.ramrajcotton.in

# Kokhila®

## WOMEN'S INNERWEAR

By

RAMRAJ©

Comfort That Perfect INSIDE



www.ramrajcotton.in




നിങ്ങളുടെ വീട്ടിൽ വെണ്മ എത്തണ്ടേ?

# വെണ്മ

## വരിക്കാരാകൂ



'ഉന്നതമായ ചിന്തകൾ ലോക മെമ്പാടും എത്തേണ്ടതുണ്ട്' എന്ന ഉൽകൃഷ്ടമായ ലക്ഷ്യത്തിൽ മികവുറ്റ ലക്കങ്ങൾ തുടർന്നും എത്തിച്ചു കൊണ്ടിരിക്കുകയാണ് വെണ്മ. ഓരോ കുടുംബവും അമൂല്യ മായ നിധി പോലെ സൂക്ഷിക്കേണ്ട ഒന്നാണ് ഈ ലക്കം

**ഒരു വർഷം സബ്സ്ക്രിപ്ഷൻ 200 രൂപ**
**രണ്ട് വർഷം സബ്സ്ക്രിപ്ഷൻ 380 രൂപ**

VENMAII എന്ന പേരിൽ എഴുതിയ/എടുത്ത ചെക്ക് / ഡിഡി അയക്കുക. അതിന്റെ പിൻഭാഗത്ത് നിങ്ങളുടെ പേരും വിലാസവും എഴുതണം.

അല്ലെങ്കിൽ

VENMAII എന്ന പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ (A/C No:1809135000000299 Karur Vysya Bank, Tirupur SR Nagar Branch - IFSC: KVBL0001809) പണം ചെലുത്തി ആ രസീതിന്റെ പകർപ്പ് സബ്സ്ക്രിപ്ഷൻ ഫോമിനോടൊപ്പം അയക്കാം.

**വെണ്മ**
രാംരാജ് വി ടവർ.
10, ചെങ്കുന്തപുരം, മംഗലം റോഡ്,
തിരുപ്പൂർ-641 604
email: venmaii@ramrajcotton.net

**സബ്സ്ക്രിപ്ഷൻ അടയ്ക്കാനും വെണ്മ ലക്കം മൊത്തത്തിൽ വാങ്ങാനും ബന്ധപ്പെടൂ.**
**ഫോൺ:**
**0421-4304106, 98422 74137**

# ഒരു നിമിഷം കൊണ്ട് വെണ്മയുടെ വരിക്കാരാകാം

1. നിങ്ങളുടെ സബ്സ്ക്രിപ്ഷൻ PhonePe G Pay എന്നിവ വഴി അടയ്ക്കാം.

UPI ട്രാൻസാക്ഷനിലൂടെയും മൊബൈൽ ഫോൺ വഴിയും വെണ്മയുടെ ബാങ്ക് അക്കൗണ്ടിലേക്ക് സബ്സ്ക്രിപ്ഷൻ തുക അടയ്ക്കാം. വെണ്മ UPI id: kvbupiqr.75626@kvb

Bharat QR code സൗകര്യമുള്ള മൊബൈൽ ബാങ്കിങ് ആപ്പ് ഉപയോഗിക്കുന്നവർ, അതിൽ ഇവിടെ നൽകിയിരിക്കുന്ന വെണ്മയുടെ ബാങ്ക് അക്കൗണ്ടിന്റെ QR code സ്കാൻ ചെയ്ത് സബ്സ്ക്രിപ്ഷൻ തുക അടയ്ക്കാം.

2. പണം അടച്ചതായി ബാങ്കിൽ നിന്നുള്ള സന്ദേശം Forward ചെയ്യൂ

3. അതോടൊപ്പം പൂർണമായ മേൽവിലാസവും മൊബൈൽ ഫോൺ നമ്പരും വാട്സ്ആപ്പ് ചെയ്യൂ. മൊബൈൽ ഫോൺ നം: 98422 74137

**ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ:**
**Venmaii**
**A/C No: 1809135000000299, Karur Vysya Bank**
**Tirupur SR Nagar Branch, IFSC Code :KVBL0001809.**

## വിദ്യാർത്ഥികൾക്ക് പ്രത്യേക കിഴിവ്



ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ
**രൂപ ~~200~~ രൂപ 125 മാത്രം**

രണ്ട് വർഷത്തെ സബ്സ്ക്രിപ്ഷൻ
**രൂപ ~~380~~ രൂപ 250 മാത്രം**

(ആറാം ക്ലാസിനു മുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ഈ സൗജന്യം. സബ്സ്ക്രിപ്ഷൻ പണം അടയ്ക്കുമ്പോൾ വിദ്യാർത്ഥികൾ തിരിച്ചറിയൽ കാർഡിന്റെ പകർപ്പും അയക്കണം)

## സീനിയർ സിറ്റിസൺ പ്രത്യേക കിഴിവ്



ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ
**രൂപ ~~200~~ രൂപ 125 മാത്രം**

രണ്ട് വർഷത്തെ സബ്സ്ക്രിപ്ഷൻ
**രൂപ ~~380~~ രൂപ 250 മാത്രം**

(60 വയസ്സിനു മുകളിലുള്ളവർക്കാണ് ഈ സൗജന്യം. സബ്സ്ക്രിപ്ഷൻ പണം അടയ്ക്കുമ്പോൾ ജനനത്തീയതിയുടെ തെളിവിന്റെ പകർപ്പും അയക്കണം)

**ഷോറൂമുകളിൽ നിന്ന് 10,000 രൂപയ്ക്കു മേൽ ഉൽപന്നങ്ങൾ വാങ്ങുന്നവർക്ക് ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ സമ്മാനമായി നൽകും**



# നിരാകരണത്തിന്റെ കാരണം?

കുന്നിൻ ചെരുവിലെ ഗ്രാമത്തിലുള്ള ഒരു പഴയ ക്ഷേത്രത്തിൽ തൂപ്പുകാരനായി ഒരാൾ ഉണ്ടായിരുന്നു. അക്ഷരാഭ്യാസമില്ലാത്ത ഒരു 30 വയസ്സുകാരൻ. ദിവസവും രാവിലെ മുതൽ വൈകുന്നേരം വരെ ആ ക്ഷേത്രം വൃത്തിയാക്കുന്ന ജോലിയിൽ അയാൾക്ക് മടുപ്പ് തോന്നി.

ചരിത്ര പ്രസിദ്ധമായ ആ ക്ഷേത്രം കാണാൻ ധാരാളം വിനോദ സഞ്ചാരികളും ഭക്തരും എത്താറുണ്ട്. അവർക്ക് വഴികാട്ടിയാകാൻ അഞ്ചാറ് ഗൈഡുകൾ അവിടെ ഉണ്ടായിരുന്നു. അവരെപ്പോലെ തനിക്കും ഒരു ഗൈഡ് ആകണമെന്ന് ആഗ്രഹിച്ചു അയാൾ. ദിവസവും പുതിയ മനുഷ്യരോട് സംസാരിക്കുമ്പോൾ മടുപ്പ് ഉണ്ടാകില്ലെന്ന് അയാൾ ചിന്തിച്ചു. ക്ഷേത്ര ഭാരവാഹിയോട് തന്റെ ആഗ്രഹം അറിയിച്ചു.

'നിനക്ക് എഴുതാനും വായിക്കാനും അറിയില്ലല്ലോ. വരുന്ന ഭക്തരോട് സംസ്കാരത്തോടെ സംസാരിച്ച് ഇടപഴകാൻ നിനക്ക് അറിയില്ല. നിനക്ക് ഒരിക്കലും ഗൈഡ് ആകാൻ കഴിയില്ല' എന്ന് പറഞ്ഞു അദ്ദേഹം. 'എനിക്ക് ഈ അടിച്ചുവാരൽ ജോലി ഇഷ്ടമല്ല. ഞാൻ ഈ ജോലി ഉപേക്ഷിക്കുകയാണ്' എന്ന് പറഞ്ഞു അയാൾ.

ക്ഷേത്ര ഭാരവാഹി അയാളെ സമാധാനപ്പെടുത്തി. 'മോനേ, ഇവിടെ നിന്ന് മൂന്നു നേരവും ഭക്ഷണവും താമസിക്കാൻ ഇടവും ശമ്പളവും നൽകുന്നുണ്ട്. ഇതെല്ലാം വേണ്ടെന്നു പറഞ്ഞ് വെളിയിൽ പോയാൽ വലിയ ബുദ്ധിമുട്ടാകും' എന്ന് പറഞ്ഞു അദ്ദേഹം.

അയാൾ പിടിവാശിയോടെ, 'മനസ്സിന് ഇഷ്ടപ്പെടാത്ത ഒരു ജോലി ചെയ്യുന്നതിനേക്കാൾ പുറത്തു പോയി കഷ്ടപ്പെടാൻ ഞാൻ തയാറാണ്' എന്ന് പറഞ്ഞു. അയാൾക്ക് സ്വന്തമായുണ്ടായിരുന്നത് ചില വസ്ത്രങ്ങൾ മാത്രമായിരുന്നു. അവ എടുത്ത് ഒരു സഞ്ചിയിൽ വച്ച് യാത്രയായി.

ഹൈവേയിൽ എത്തി സമീപത്തുള്ള ഏതെങ്കിലും നഗരത്തിൽ പോയി ജോലി അന്വേഷിക്കാം എന്ന് ചിന്തിച്ച് നടക്കാൻ ആരംഭിച്ചു. കത്തുന്ന വെയിലിൽ അൽപ ദൂരം നടന്നപ്പോൾ തന്നെ തളർന്നു. കടുത്ത ദാഹം. വെള്ളം കുടിക്കാൻ പോലും വഴിയില്ല. അപ്പോഴാണ് അയാൾക്ക് ഒരു കാര്യം ബോധ്യമായത്. നഗരത്തിൽ നിന്ന് ക്ഷേത്രത്തിലേക്ക് വരുന്ന വഴിയിൽ ഒരു കട പോലും ഇല്ല. ഇവിടെ ഒരു കട തുടങ്ങിയാൽ, ദർശനം കഴിഞ്ഞ് മടങ്ങുന്ന ഭക്തർ തീർച്ചയായും അത് ഉപയോഗപ്പെടുത്തും എന്ന് ചിന്തിച്ചു.

റോഡരികിൽ മരങ്ങൾ നിറഞ്ഞ ഒരു സ്ഥലം വാടകയ്ക്ക് എടുത്ത്, അവിടെ ചെറിയ തോതിൽ

ഒരു കട തുടങ്ങി. വെള്ളം കുടിക്കാനും ഇളനീർ കഴിക്കാനും അവിടെ യാത്രക്കാർ വരാൻ ആരംഭിച്ചു. അൽപം സമ്പാദ്യമായപ്പോൾ ആ സ്ഥലം വിലയ്ക്കു വാങ്ങി, കട വലുതാക്കി. ഇങ്ങനെ അത് വികസിച്ചു. ചില വർഷങ്ങളിൽ അടുത്ത നഗരത്തിൽ വരെ അത് പ്രശസ്തി നേടി. അവിടെയും ഒരു ശാഖ തുറന്നു. അമ്പതിലുമധികം ആൾക്കാരെ വച്ച് ജോലി ചെയ്യിക്കുന്ന നിലയിലേക്ക് വളർന്നു.

ഒരാൾ ധനികനായാൽ, ആ വ്യക്തിയെ തേടി ബാങ്ക് ഉദ്യോഗസ്ഥർ എത്തും, അല്ലേ? അദ്ദേഹത്തെ തേടി എത്തിയ ഒരു ബാങ്ക് ഉദ്യോഗസ്ഥൻ, തങ്ങളുടെ ബാങ്കിൽ അക്കൗണ്ട് തുറന്ന് പണം നിക്ഷേപിക്കാൻ അഭ്യർത്ഥിച്ചു. ഫോമുകൾ വാങ്ങി അതിൽ ഒപ്പിടാതെ കൈ രേഖ പതിക്കുന്നത് കണ്ട് ആശ്ചര്യപ്പെട്ടു ആ ഉദ്യോഗസ്ഥൻ. 'എഴുതാനും വായിക്കാനും അറിയാതെ ഇത്രയും സമ്പാദിച്ചല്ലോ, ഒരു പക്ഷേ നിങ്ങൾ പഠിച്ചിരുന്നെങ്കിൽ ഏത് നിലയിലായിരുന്നേനെ' എന്ന് ചോദിച്ചു.

'വിനോദ സഞ്ചാരികൾക്ക് വഴികാട്ടിയായി രുന്നിരിക്കും' എന്ന് ഒഴുക്കൻ മട്ടിൻ പറഞ്ഞു. ജീവിതത്തിൽ നിരാകരിക്കുന്നതു പോലും വളർച്ചയ്ക്കുള്ള കാരണം ആയിരിക്കുന്നുണ്ട്.

ഇത് മറ്റൊരു നിരാകരണത്തിന്റെ കഥ. ഏഴ് അഭിമുഖങ്ങളിൽ നിരാകരിക്കപ്പെട്ടിരുന്നു ഒരു യുവാവ്. എല്ലാത്തിലും പകുതി വഴി കടന്നതും എന്തെങ്കിലും കാരണം കാണിച്ച് അവനെ തിരിച്ചയച്ചു കൊണ്ടിരുന്നു.

ഇന്ന് എട്ടാമത്തെ അഭിമുഖം. ഇതിനു മുമ്പ് അവനെ നിരാകരിച്ച സ്ഥാപനങ്ങളേക്കാൾ വലുത്. 'ചെറിയ കമ്പനികൾ പോലും എന്നെ ജോലിക്കെടുത്തില്ല. പിന്നെയാണോ ഇവർ' എന്ന് നിരാശയോടെ അവൻ അഭിമുഖത്തിന് പോകാൻ മടിച്ചു. സുഹൃത്തുക്കൾ അവനെ



ഉത്സാഹപ്പെടുത്തി സ്ഥാപനത്തിൽ കൊണ്ടു വിട്ടു. 'എന്നെ സ്നേഹിക്കുന്ന ഇത്രയും പേർ എന്നി ലുള്ള വിശ്വാസം നഷ്ടപ്പെടുത്തിയിട്ടില്ല. ഞാൻ ആ വിശ്വാസം നഷ്ടപ്പെടുത്താൻ പാടില്ല' എന്ന നിശ്ചയദാർഢ്യത്തോടെ ഉള്ളിലേക്ക് പോയി.

ആദ്യം പരീക്ഷയായിരുന്നു. പരീക്ഷ എഴുതാൻ അവന് നൽകിയ കമ്പ്യൂട്ടർ പ്രവർത്തിക്കുന്നില്ല. സ്ഥാപനത്തിലെ എഞ്ചിനീയർ അത് ശരിയാക്കും വരെ അവൻ ക്ഷമയോടെ കാത്തിരുന്നു. എല്ലാവരും ഒരു മണിക്കൂർ കൊണ്ട് എഴുതിയ പരീക്ഷ ഇവൻ അര മണിക്കൂറിൽ പൂർത്തിയാക്കി. പരീക്ഷാ നടപടിക്രമങ്ങൾ കഴിഞ്ഞ് അവൻ ഹാളിലേക്ക് കടക്കുന്നതിനു മുമ്പ് ഗ്രൂപ്പ് ഡിസ്കഷൻ ആരംഭിച്ചി രുന്നു. അവൻ പരിഭ്രമിക്കാതെ അവരോടൊപ്പം ചെന്നിരുന്ന് സംസാരിക്കാൻ ആരംഭിച്ചു.

അത് കഴിഞ്ഞതും 20 പേരെ മാത്രം തെരഞ്ഞെ ടുത്ത് അഭിമുഖം നടത്താൻ പോകുന്നതായി അറിയിച്ചു. എല്ലാവരോടും ഹാളിൽ കാത്തിരിക്കാൻ പറഞ്ഞ ശേഷം, ഒരു മണിക്കൂർ കഴിഞ്ഞ് വന്ന് തെരഞ്ഞെടുത്ത 20 പേരുടെ പേരുകൾ വായിച്ചു. 19 വരെയും അവന്റെ പേരില്ല. 'ഇത് എട്ടാമത്തെ നിരാകരിപ്പാണോ' എന്ന് അവൻ സംശയിച്ച സമയത്ത്, 20-ആമതായി അവന്റെ പേര് വിളിച്ചു.

അടുത്തത് അഭിമുഖം. കഴിഞ്ഞ അഭിമുഖങ്ങൾക്ക് ധാരാളം തയാറെടുപ്പുകളോടെ ആയിരുന്നു അവൻ പോയിരുന്നു. ആ സ്ഥാപനങ്ങളെക്കുറിച്ച്, ചെയ്യേണ്ട ജോലിയെക്കുറിച്ച് ധാരാളം വായിച്ച ശേഷമായിരുന്നു പോയിരുന്നത്. ചോദിച്ച ചോദ്യങ്ങൾക്ക് അസ്ത്രം പോലെ ഉത്തരം നൽകി. ഇത്തവണ അഭിമുഖത്തിന് പോകേണ്ടതില്ലെന്ന് ചിന്തിച്ചിരുന്നതിനാൽ, ഒന്നും പഠിച്ചിരുന്നില്ല. അതു കൊണ്ട് അഭിമുഖത്തിൽ ചോദ്യങ്ങൾ ചോദിച്ചപ്പോൾ തന്റെ മനസ്സിൽ നിന്ന് ഉത്തരം നൽകി. അത് എല്ലാവർക്കും ഇഷ്ടമായി. അഭിമുഖം അവസാനിച്ചപ്പോൾ അഞ്ചു പേർക്കു മാത്രമാണ് ജോലി ലഭിച്ചത്. അതിൽ ആദ്യത്തെ പേര് ഇവന്റേതായിരുന്നു. പ്രതീക്ഷിക്കാത്ത രീതിയിൽ അവന്റെ സ്വന്തം നാട്ടിൽ തന്നെ ഉയർന്ന ശമ്പളത്തിൽ ജോലി.

ഈ നല്ല അവസരം ലഭിക്കണം എന്ന കാരണത്തിനു വേണ്ടിയാണ് മുമ്പ് നമ്മെ നിരാകരിച്ചത് എന്നത് അവന് മനസ്സിലായി. ●


RAMRAJ



# എല്ലാം കാലത്തിന്റെ കൈയിൽ

ഒരു രാജ്യത്ത് യുവരാജാവ് ഉണ്ടായിരുന്നു. മികച്ച യുദ്ധവീരൻ. അവൻ വാൾ വീശുന്നതു പോലെ ആർക്കും കഴിയില്ല. അത്രയ്ക്കും മിടുക്കൻ. അവൻ ഒരിക്കൽ കൊട്ടാരത്തിൽ വാൾ പരിശീലനത്തിൽ ആയിരുന്നപ്പോൾ, ഒരു എലി കുറുകേ ഓടി. ഉടനേ അതിനു നേരെ വാൾ വീശി. ആ എലി ഒരു പോറലും ഏൽക്കാതെ രക്ഷപ്പെട്ടു. വീണ്ടും അതിനെ തുരത്തിയോടിച്ച് വാൾ വീശി. പക്ഷേ അത് സാമർത്ഥ്യത്തോടെ മാളത്തിൽ കയറി.

അവന്റെ മനസ്സ് തകർന്നു പോയി. അപ്പോൾ അവിടെ എത്തിയ രാജാവ്, 'എന്താ ദുഃഖിച്ചിരിക്കുന്നത്?' എന്ന് ചോദിച്ചു. 'ഈ ലോകത്തിനു പോലും എന്റെ വാൾ വീശിനു മുന്നിൽ പിടിച്ചു നിൽക്കാനാകില്ല. പക്ഷേ ഈ സാധാരണ എലിയെ എനിക്ക് കൊല്ലാൻ കഴിയുന്നില്ലല്ലോ' എന്ന് പറഞ്ഞു യുവരാജാവ്. രാജാവ് ചിരിച്ചു. 'എലിയെ കൊല്ലാൻ വാൾ എന്തിന്? പൂച്ച മതിയല്ലോ' എന്നു പറഞ്ഞു.

കൊട്ടാരത്തിൽ ഉണ്ടായിരുന്ന പൂച്ചയെ കൊണ്ടുവന്നു. അത് എലിയെ വേട്ടയാടാൻ ശ്രമിച്ചു. എന്നിട്ടും ആ എലി അനായാസമായി രക്ഷപ്പെട്ടു. ദിവസങ്ങളായിട്ടും ആ പൂച്ചയ്ക്ക് എലിയെ ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. ഇപ്പോൾ യുവരാജാവിനോടൊപ്പം രാജാവിനും സങ്കടമായി.

ഉടനേ മന്ത്രി ഉപദേശിച്ചു. 'നമ്മുടെ നാട്ടിലെ പൂച്ചയൊന്നും ശരിയല്ല. വിദേശ രാജ്യങ്ങളിൽ ഉള്ള പൂച്ചകൾ ഗംഭീരമാണ്. പൂച്ചയാണോ പുലിയാണോ എന്ന് സംശയിക്കും. അവയെ കൊണ്ടുവരാം' എന്നു പറഞ്ഞു മന്ത്രി. അങ്ങനെ വിദേശ പൂച്ചകളെ കൊണ്ടുവന്നു. അവയിൽ നിന്നും ആ എലി സമർത്ഥമായി രക്ഷപ്പെട്ടു.

'ഒരു എലിക്ക് ഇത്രയും സാമർത്ഥ്യമോ' എന്ന് എല്ലാവരും അത്ഭുതപ്പെട്ടപ്പോൾ, കൊട്ടാരം കാവൽക്കാരൻ 'യുവരാജാവേ, ഈ എലിയെ കൊല്ലാൻ വിദേശ പൂച്ച എന്തിന്? ഞങ്ങളുടെ വീട്ടിലെ പൂച്ച മതിയാകും' എന്ന് പറഞ്ഞു.

യുവരാജാവ് ചിരിച്ചു. 'കൊട്ടാരത്തിലെ പൂച്ചയ്ക്കും വിദേശ പൂച്ചയ്ക്കും കഴിയാത്തത് നിന്റെ വീട്ടിലെ പൂച്ചയ്ക്ക് കഴിയുമോ?' എന്ന് ചോദിച്ചു. എങ്കിലും, 'അതും പരീക്ഷിച്ചു നോക്കാം. നിന്റെ പൂച്ചയെ കൊണ്ടു വരൂ,' എന്ന് ഉത്തരവിട്ടു.

വീട്ടിൽ ചെന്ന് തന്റെ പൂച്ചയെ എടുത്തു കൊണ്ടു വന്നു കാവൽക്കാരൻ. അത് ആ എലിയെ ഒറ്റക്കുതിപ്പിൽ പിടിച്ചു. യുവരാജാവിന് ആശ്ചര്യം.

'എന്ത് അത്ഭുതമാണ് ഇത്! വിദേശ പൂച്ചകൾക്കും നമ്മുടെ കൊട്ടാരം പൂച്ചകൾക്കും ഇല്ലാത്ത കഴിവ് ഈ സാധാരണ പൂച്ചയ്ക്ക് എങ്ങനെ വന്നു? അത്തരത്തിൽ എന്തു പരിശീലനം നൽകിയാണ് പൂച്ചയെ വളർത്തുന്നത്?' എന്ന് കാവൽക്കാരനോട് ചോദിച്ചു.

അവൻ ശാന്തമായി മറുപടി പറഞ്ഞു. 'വലിയ കഴിവോ പരിശീലനമോ ഒന്നുമില്ല യുവരാജാവേ. എന്റെ പൂച്ചയ്ക്ക് നല്ല വിശപ്പ്, അതു കൊണ്ട് അത് എലിയെ കൊന്നു' എന്നു പറഞ്ഞു. യുവരാജാവിന് സത്യം ബോധ്യമായി. കൊട്ടാരത്തിലെ പൂച്ചകൾക്ക് വിശപ്പ് എന്താണെന്നു പോലും അറിയാൻ അവസരമില്ല. അവ എങ്ങനെ എലിയെ പിടിക്കും?

ഏതു ജോലിയും വിജയകരമായി ചെയ്ത് പൂർത്തിയാക്കാൻ, ആദ്യം അതിൽ ദാഹം ഉണ്ടായിരിക്കണം. അപ്പോഴേ അത് ഭംഗിയോടെയും പൂർണതയോടെയും ചെയ്യാൻ കഴിയൂ.

ഓരോ ദിവസവും കണ്ണു തുറക്കുമ്പോഴും, നാം ജീവിക്കാനുള്ള കാരണങ്ങൾ അന്വേഷിക്കണം. ഓരോ ദിവസവും ഉറങ്ങാൻ പോകുമ്പോഴും, ആ ദിവസം നാം പൂർണതയോടെ ജീവിച്ചു തീർത്തു എന്നതിനുള്ള കാരണങ്ങൾ അന്വേഷിക്കണം. ഓരോ നിമിഷവും ആത്മവിശ്വാസം, സ്നേഹം, സ്വപ്നം എന്നിവ സഹിതം പരിശ്രമം തുടർന്നാൽ, തീർച്ചയായും ഇത്തരത്തിൽ ജീവിക്കാൻ കഴിയും. നമ്മുടെ ചുറ്റുപാടിൽ കുഴപ്പങ്ങൾ ഉണ്ടായിരിക്കാം, ചുറ്റുമുള്ള മനുഷ്യരുടെ മനസ്സിൽ ഭയം ഉണ്ടായിരിക്കാം. പക്ഷേ, അതൊന്നും നമ്മുടെ മനസ്സിൽ കടക്കാതെ നോക്കണം.

ഒരു രസകരമായ മുല്ലാ കഥയാണ് ഇത്. വിവാഹം കഴിഞ്ഞ് മുല്ലാ ഭാര്യയോടൊപ്പം കടലിൽ സഞ്ചാരത്തിനു പോയി. സന്തോഷകരമായ യാത്ര. പെട്ടെന്ന് കടൽക്ഷോഭം ഉണ്ടായി. വലിയ തിരമാലകളിൽ കപ്പൽ ആടിയുലഞ്ഞു. എല്ലാവരും 'നമ്മുടെ ജീവിതം അവസാനിച്ചു' എന്ന ചിന്തയിൽ എത്തി. ചിലർ ഞെട്ടലോടെ പ്രാർത്ഥിക്കാനും ഭയത്തിൽ അലറിവിളിക്കാനും തുടങ്ങി.

മുല്ലാ മാത്രം സന്തോഷത്തോടെ ഇരുന്നു. അദ്ദേഹത്തിന്റെ ഭാര്യക്ക് സംശയം. 'ഇത്രയും പ്രശ്നങ്ങൾ ഉണ്ടായിട്ടും താങ്കൾക്ക് ഭയം തോന്നുന്നില്ലേ?' എന്ന് ചോദിച്ചു.

മുല്ലായുടെ മുഖം ദേഷ്യം കൊണ്ട് ചുവന്നു. തന്റെ ഇടുപ്പിലിരുന്ന കത്തി ഊരി ഭാര്യയുടെ കഴുത്തിൽ വച്ച് രൂക്ഷമായി നോക്കി. ഭാര്യ സ്തബ്ധയായിപ്പോയി. 'ഈ കത്തി നിന്നെ കൊല്ലും എന്ന് നീ ഭയപ്പെടുന്നില്ലേ?' എന്ന് ചോദിച്ചു മുല്ലാ. 'കത്തി കൊണ്ട് കൊല ചെയ്യാം. പക്ഷേ അത് പിടിച്ചിരിക്കുന്നത് എന്റെ പ്രിയപ്പെട്ട ഭർത്താവല്ലേ. അദ്ദേഹം എന്നെ കൊല്ലില്ല എന്ന് അറിയാം' എന്ന് പറഞ്ഞു.

മുല്ലാ കത്തി ഉറയിലിട്ട് ശാന്തമായി പറഞ്ഞു. 'എന്റെ മനസ്സ് ചിന്തിക്കുന്നതും അതു തന്നെയാണ്. ഈ കടലിന് നമ്മെ വിഴുങ്ങാൻ കഴിയും. ഈ തിരമാലകൾക്ക് നമ്മെ കൊല്ലാൻ കഴിയും. പക്ഷേ ഇവയെ നിയന്ത്രിക്കുന്ന ദൈവം കരുണാമയനാണ്. അവൻ എന്നെ കൊല്ലില്ല എന്ന് ചിന്തിക്കുന്നതു കൊണ്ടാണ് ഞാൻ ഭയപ്പെടാതിരിക്കുന്നത്.'

നമ്മുടെ യാത്ര എങ്ങോട്ടാണ്, നമ്മുടെ ലക്ഷ്യം ഏതാണ്, നാം അത് കൈവരിക്കുമോ എന്നതെല്ലാം തീരുമാനിക്കുന്നത് കാലമാണ്. കാലം മാറുമ്പോൾ എല്ലാം മാറും. ചില കാര്യങ്ങൾ നല്ലതായി മാറാം, ചില വിഷയങ്ങൾ മോശമായി മാറാം. എന്തും സ്വന്തമാക്കാനുള്ള വിശപ്പോടെ, അത് സ്വന്തമാക്കും എന്ന ആത്മവിശ്വാസത്തോടെ യാത്ര തുടരുന്നതാണ് നമ്മുടെ ജോലി. അത് നമ്മെ ലക്ഷ്യത്തിൽ കൊണ്ടെത്തിക്കും. ●




RAMRAJ

# നമ്മെ ശക്തിപ്പെടുത്തുന്ന കാരണങ്ങൾ



മരംവെട്ടുകാരനായ ഒരു തൊഴിലാളി ഒരാഴ്ചയായി ഒരേ സ്വപ്നം കാണുന്നു. 5678 എന്ന് അവസാനിക്കുന്ന 10 അക്ക സംഖ്യ വീണ്ടും വീണ്ടും ആ സ്വപ്നത്തിൽ പല സ്ഥലങ്ങളിലും അവന് കാണാൻ കഴിഞ്ഞു. അവന്റെ തന്റെ കോടാലി കൊണ്ട് ആ സംഖ്യ എഴുതിയിരിക്കുന്ന ഒരു മരം വെട്ടുന്നു. ആ മരത്തിനുള്ളിൽ നിന്ന് നിധി അവന് ലഭിക്കുന്നു.

നിധി ചൊരിയുമ്പോൾ അവൻ പെട്ടെന്ന് ഉണരും. തന്റെ കുടിലിലെ കൊതുകു കടി സഹിച്ച് ഉറങ്ങുന്ന കുട്ടികളെ സങ്കടത്തോടെ നോക്കും. പിന്നീട് ഏറെ നേരം അവന് ഉറക്കം വരില്ല.

സ്വപ്നത്തിൽ കാണുന്ന ആ സംഖ്യയുടെ അർത്ഥം മനസ്സിലാകാതെ അവൻ സങ്കടപ്പെട്ടു. അടുത്ത ദിവസം വൈകുന്നേരം വിറക് വിറ്റ ശേഷം കടയിൽ അരി വാങ്ങാൻ പോയി. കടയിലെ മേശപ്പുറത്ത് ലോട്ടറി ടിക്കറ്റുകൾ അടുക്കി വച്ചിരിക്കുന്നു. നാട്ടിലെ സൈന്യത്തിന് ധനസമാഹരണത്തിനു വേണ്ടി സർക്കാർ പുറത്തിറക്കിയ ലോട്ടറിയാണ് അത്. ഒന്നാം സമ്മാനം ഒരു കോടി രൂപ. കടക്കാരൻ അരി തൂക്കുന്ന വേളയിൽ ആകസ്മികമായി ആ ലോട്ടറി ടിക്കറ്റുകൾ അയാൾ കണ്ടു. മുകളിലുണ്ടായിരുന്ന ലോട്ടറി ടിക്കറ്റിൽ അതേ 10 അക്ക സംഖ്യ. മനസ്സിൽ എന്തോ ഒന്ന് മിന്നിയതും അത് ഉടനേ വാങ്ങി. ഒന്നാം സമ്മാനം അവന് ലഭിച്ചു.

ഒരാളുടെ ജീവിതത്തിൽ നടക്കുന്ന എല്ലാത്തിനും കാരണങ്ങൾ ഉണ്ട്. ഇത്തരത്തിലുള്ള നല്ല കാര്യങ്ങൾ മാത്രമല്ല, മോശമായ കാര്യങ്ങളും സംഭവിക്കും. അവ നമ്മെ എന്തായി മാറ്റും എന്നതിന്റെ കാരണങ്ങൾ അറിയേണ്ടത് അവശ്യം:

- ജീവിതത്തിൽ എല്ലാത്തിനും തയാറെടുപ്പുകൾ അവശ്യം. പരീക്ഷയ്ക്ക്, അഭിമുഖത്തിന്, ഒരു ജോലി ചെയ്യുന്നതിന് എന്നിങ്ങനെ എല്ലാത്തിനും നാം ദീർഘകാലം മുന്നൊരുക്കങ്ങൾ നടത്തണം. മാത്രമല്ല, ഒരു വിവാഹത്തിന് പോകുന്നെങ്കിൽ പോലും നമ്മെ മേക്കപ്പിട്ട് നാം തയാറാക്കും. പക്ഷേ, ജീവിതത്തിൽ അപ്രതീക്ഷിതമായി ഉണ്ടാകുന്ന പല കാര്യങ്ങൾക്കും നാം തയാറായിരിക്കാറില്ല. ജീവിതത്തിൽ നേരിടുന്ന പ്രതിസന്ധികളാണ് അതിന് നമ്മെ തയാറാക്കുന്നത്. പരാജയത്തിന്റെ കയ്പ് അനുഭവിച്ചാലേ, വിജയത്തിന്റെ മധുരം നുണയാൻ കഴിയൂ. കൂടുതൽ പ്രശ്നങ്ങൾ പ്രതീക്ഷിക്കുമ്പോഴാണ് പരിഹാരങ്ങളിൽ സമാധാനം അന്വേഷിക്കുന്ന മനസ്സ് ഉണ്ടാകുന്നത്. ഭംഗിയുള്ള സ്വർണാഭരണങ്ങൾ കണ്ട് ആസ്വദിക്കും. അതിലുള്ള ഡിസൈനുകൾ കണ്ട് അത്ഭുതപ്പെടും. ആ ഭംഗിയുള്ള രൂപം കൈവരിക്കാൻ സ്വർണം തീയിലിട്ട് ഉരുക്കാറുണ്ട് എന്നത് പലരും തിരിച്ചറിയാറില്ല. ആ തീ സഹിച്ചാണ് അത് ഭംഗിയുള്ള ആഭരണമായി മാറിയത്. വേദനകളിലൂടെ കടന്നു വന്നാലേ ശക്തി ലഭിക്കൂ.
- പരാജയം, ദുഃഖം, വിയോഗം എന്നിങ്ങനെയുള്ളവയാണ് ഒരു മനുഷ്യനെ ദൃഢമാക്കി മാറ്റുന്നത്. അത് വന്നു ഭവിക്കുന്ന നിമിഷത്തിൽ പതറിപ്പോകും. പക്ഷേ കടന്നുപോയി കഴിയുമ്പോൾ മനസ്സാന്നിധ്യം ലഭിക്കും. ഇടയ്ക്കിടെ കാറ്റ് വീശി ആടിയുലയുന്ന മരമായിരിക്കും കരുത്തോടെ വളർന്ന് നിൽക്കുന്നത്. കഠിനമായ നിമിഷങ്ങൾ ഏറെ നീണ്ടുനിൽക്കില്ല. പക്ഷേ ആ കഷ്ടങ്ങൾ കടന്നു വരുന്ന മനുഷ്യർ നിലയുറപ്പിച്ച് നിൽക്കും. ജീവിതത്തിൽ എല്ലാ കാര്യങ്ങളും

RAMRAJ

നമ്മുടെ നിയന്ത്രണത്തിൽ ഇല്ല. അങ്ങനെ ഉണ്ടാകാൻ പാടില്ലെന്നും അവർക്ക് അറിയാം. ‘ജീവിതം എന്നത് 10% എന്താണ് സംഭവിക്കുന്നത് എന്നതിന് അനുസരിച്ചും 90% നാം അത് എങ്ങനെ നേരിടുന്നു എന്നതിന് അനുസരിച്ചും കൈവരും’ എന്ന് ഒരു സുവർണ മൊഴി ഉണ്ട്. ജീവിതത്തിന്റെ സ്വാഭാവികത ബോധ്യപ്പെട്ട് ഉയരാൻ ഈ പ്രശ്നങ്ങൾ സഹായിക്കും.

‘എന്നെക്കൊണ്ട് കഴിയാത്തത് ഒന്നുമില്ല’ എന്ന ഒരുവിധ അലംഭാവം ചിലർക്ക് ഉണ്ടാകും. എന്തും നേടാനുള്ള കരുത്ത് എനിക്ക് ഉണ്ട് എന്ന ഈഗോ ചിലരുടെ മനസ്സിൽ ഉയരും. അതെല്ലാം ഉടച്ച്, ‘ആർക്കും എന്തു വേണമെങ്കിലും സംഭവിക്കാം. കാതോർത്തിരിക്കൂ’ എന്ന് മുന്നറിയിപ്പ് നൽകുന്നതിനാണ് പ്രശ്നങ്ങളും പരാജയങ്ങളും എത്തുന്നത്. ഒരാളുടെ ഗുണങ്ങൾ മാറ്റി അടക്കവും ഒതുക്കവും ഉള്ളവരായി അത് മാറ്റും. നാം പലതരത്തിലുള്ള പഴയ വിശ്വാസങ്ങളോടെ ജീവിച്ചു വരികയാണ്. ആ വിശ്വസങ്ങളെ ഈ പ്രശ്നങ്ങൾ ഉടച്ചു കളയും. പതിവ് കാഴ്ചപ്പാടിൽ നിന്ന് വ്യത്യസ്തമായി എന്തും സമീപിക്കാൻ ഈ പ്രശ്നങ്ങൾ നമ്മെ പഠിപ്പിക്കും. പ്രശ്നങ്ങൾ ഒഴിവാക്കി താൽക്കാലിക സുഖങ്ങൾ തേടുന്നതിലാണ് പലരും ശ്രദ്ധ ചെലുത്തുന്നത്. പ്രശ്നങ്ങൾ പരിഹരിച്ച് നിരന്തര സുഖം തേടണം എന്നത് നാം ഇവയിലൂടെ ബോധ്യപ്പെടും.

ജീവിതത്തിൽചിലർഎപ്പോഴും പൂർണതതേടും. പക്ഷേ, പൂർണത തേടുന്നതിനേക്കാൾ മുന്നേറ്റം കൈവരിക്കുന്നതാണ് പ്രധാനം എന്ന് പ്രതിസന്ധികൾ നമ്മെ ബോധ്യപ്പെടുത്തും. നാം എന്തു ചെയ്താലും അതിൽ മുന്നേറ്റം ഉണ്ടാകണം. ദിവസം തോറും ചെറിയ അളവിൽ കൈവരിക്കുന്ന മുന്നേറ്റം, നമ്മെ എന്തും തെറ്റില്ലാതെ മികവോടെ ചെയ്യാൻ പ്രാപ്തരാക്കും. പലരും ഇത്തരത്തിൽ മുന്നേറ്റം കൈവരിക്കാതെ ഉറഞ്ഞു പോകാറുണ്ട്. ഇങ്ങനെ ഒരു ഘട്ടത്തിൽ പഴയ പഞ്ചാംഗമായി മാറി, മറ്റുള്ളവരുമായി മത്സരിക്കാൻ കഴിയാതെ തോറ്റുപോകും. ആ വേദന നൽകി ജീവിതം അവർക്ക് പാഠം പഠിപ്പിക്കുകയാണ്. ഒരു പ്രവൃത്തി ചെയ്യുമ്പോൾ തൃപ്തി ഉണ്ടാകാത്തപ്പോഴോ പതിവ് ജോലി മറ്റുള്ളവരെപ്പോലെ ചെയ്യാൻ കഴിയാതെ വരുമ്പോഴോ, ‘നാം മുന്നേറണം’ എന്ന ബോധ്യം സ്വാഭാവികമായി ഉണ്ടാകണം. അല്ലാത്തപക്ഷം, തിരിച്ചടികൾ കൊണ്ട് ജീവിതം നമ്മെ അത് ബോധ്യപ്പെടുത്തും.






പരാജയങ്ങൾ, ദുഃഖങ്ങൾ, പ്രശ്നങ്ങൾ എന്നിവ ഇടയ്ക്കിടെ നേരിടുന്നവരാണ് മറ്റുള്ളവരോട് കരുണയോടെ പെരുമാറുന്നത്. മറ്റുള്ളവരുടെ ദുഃഖങ്ങൾ ക്ഷമയോടെ കേൾക്കും. മനുഷ്യത്വത്തോടെ ജീവിക്കും. കാരണം, ഒരു പ്രശ്നമോ പരാജയമോ ഒരു മനുഷ്യനെ ഏതൊക്കെ രീതിയിൽ അലട്ടും എന്നത് അവർ അനുഭവിച്ചിട്ടുണ്ടായിരിക്കും. ഓരോരുത്തർക്കും മൂന്നു തരത്തിലുള്ള മുഖങ്ങൾ ഉണ്ട്. ഒന്ന്, ഈ ലോകത്തിനെ അവർ കാണിക്കുന്ന മുഖം. രണ്ട്, തങ്ങളുടെ ബന്ധുക്കളോടും സുഹൃത്തുക്കളോടും കാണിക്കുന്ന മുഖം. മൂന്ന്, ആർക്കും കാണിക്കാത്ത അന്തരംഗ മുഖം. അതാണ് യഥാർത്ഥമായത്. ധാരാളം പ്രശ്നങ്ങളും ദുഃഖങ്ങളും നേരിട്ട് പക്വതയാർജിക്കുന്ന മനുഷ്യർക്ക്, ഈ മൂന്ന് മുഖങ്ങൾക്കിടയിലുള്ള വ്യത്യാസം കുറയാൻ ആരംഭിക്കും. ഒരു ഘട്ടത്തിൽ അവർ തന്റെ യഥാർത്ഥ മുഖം ബന്ധുക്കൾക്കും ലോകത്തിനും കാണിക്കും. ആ വെളിപ്പെടുത്തൽ ഗുണവും സത്യസന്ധതയും അവർക്ക് നല്ല മതിപ്പ് നൽകും. ആ മതിപ്പ് പല ഉയരങ്ങളും വിജയങ്ങളും നേടിക്കൊടുക്കും.


RAMRAJ

# കലാം രൂപപ്പെട്ട കാരണം

ഇന്ത്യയുടെ മിസൈൽ മനുഷ്യൻ, യുവതയുടെ സ്വപ്ന നായകൻ, കുട്ടികളുടെ ഇഷ്ട മാർഗദർശി, നമ്മുടെഇന്ത്യയെസൂപ്പർപവറാക്കിമാറ്റാൻസ്വപ്നം കണ്ട വ്യക്തി എന്നിങ്ങനെ പല വിശേഷണങ്ങൾ ഉണ്ട് അബ്ദുൽ കലാമിന്. ഇന്ത്യൻ രാഷ്ട്രപതി ഭവനിൽ സാധാരണക്കാർക്കും ഇടമുണ്ട് എന്ന ആത്മവിശ്വാസം നൽകിയ വ്യക്തി.

തന്റെ കഴിവു കൊണ്ട് മുന്നേറി, വിജയങ്ങൾ വാരിക്കൂട്ടിയ വ്യക്തി എന്നാണ് നാം അദ്ദേഹത്തെക്കുറിച്ച് കരുതിയിരിക്കുന്നത്. പക്ഷേ, എത്ര കഴിവുണ്ടായിരുന്നാലും ചില സമയങ്ങളിൽ നിരാകരിക്കപ്പെടാം. ഒരാളുടെ ജീവിതത്തിൽ എപ്പോഴും വിജയങ്ങൾ മാത്രമായിട്ടുണ്ടാകില്ല. ചില സമയങ്ങളിൽ അപ്രതീക്ഷിതമായി പരാജയം ഉണ്ടാകാം. കലാമിന് ജീവിതത്തിൽ അത്തരത്തിലുള്ള നിരാകരണവും പരാജയവും ഉണ്ടായിട്ടുണ്ട്. അക്കാരണം കൊണ്ടു തന്നെ അദ്ദേഹം എത്ര പ്രശസ്തനായ മനുഷ്യനായി മാറി.



വിമാനത്തിൽ പറക്കണമെന്നത് കലാമിന്റെ ചെറുപ്പത്തിലുള്ള സ്വപ്നം. പക്ഷികൾ ആകാശത്ത് ചിറകടിച്ച് പറക്കുന്നത് ആശ്ചര്യത്തോടെ കണ്ട അദ്ദേഹം, താൻ വിമാനം പറപ്പിക്കുന്നതു പോലെ സ്വപ്നം കണ്ടു. അതിനു വേണ്ടി അണ്ണാ സർവകലാശാലയിൽ ഏറോനോട്ടിക്സ് എഞ്ചിനീയറിംഗ് പഠിച്ചു. ബിരുദം നേടിയതും, ഒരേ സമയത്ത് രണ്ട് ജോലികൾക്ക് അപേക്ഷിച്ചു. ഒന്ന്, ഇന്ത്യൻ വായു സേനയിൽ ഓഫീസർ. മറ്റൊന്ന്, കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിൽ റിസർച്ചർ.


പ്രതിരോധ മന്ത്രാലയത്തിലെ റിസർച്ചർ ജോലിയുടെ പരീക്ഷ അദ്ദേഹം താൽപര്യത്തോടെയല്ല എഴുതിയത്. സാധാരണ പോലെ അദ്ദേഹം നേരിട്ടു. പക്ഷേ, വായു സേനയിൽ ചേർന്നാൽ, ആകാശത്ത് പറക്കുന്ന സ്വപ്നം നിറവേറും എന്ന് അദ്ദേഹം വിശ്വസിച്ചു. വായു സേനയുടെ പരീക്ഷയിൽ അറിവിനേക്കാൾ ആകാരത്തിനാണ് പ്രധാനം. ശാരീരിക യോഗ്യത, സംസാര പാടവം എന്നിവയും പരിശോധിച്ചു. നിശ്ചയദാർഢ്യവും ആത്മവിശ്വാസവും കൂടുതൽ ഉണ്ടായിരുന്നെങ്കിലും അഭിമുഖത്തിൽ പതറി. 25 പേർ അടങ്ങിയ ഗ്രൂപ്പിൽ നിന്ന് എട്ടു പേരെ മാത്രം ജോലിക്ക് എടുക്കുന്ന അന്തിമ പരീക്ഷയിൽ അദ്ദേഹം ഒമ്പതാമതായിരുന്നു. വിമാനത്തിൽ പറക്കാനുള്ള ആഗ്രഹം കൈവിട്ടുപോയി.

ആ നിരാശ അദ്ദേഹത്തിന് സഹിക്കാവുന്നതായിരുന്നില്ല. പരാജയത്തിൽ തളർന്നു പോയി അവിടെ നിന്ന് പുറത്തിറങ്ങി. വായു സേനയുടെ ഓഫീസിന് അരികിൽ ഗംഗാ നദിക്കരയിലുള്ള സ്വാമി ശിവാനന്ദൻ ആശ്രമം അദ്ദേഹത്തിന്റെ കണ്ണിൽ പെട്ടു. അവിടെ ചെന്നു. ദുഃഖത്തോടെ ഇരിക്കുന്ന കലാമിനെ കണ്ട സ്വാമി ശിവാനന്ദൻ, കാരണം അന്വേഷിച്ചു. ഇന്ത്യൻ വായു സേനയിൽ ചേർന്ന് വിമാനം പറപ്പിക്കണം എന്ന തന്റെ ചെറുപ്പത്തിലുള്ള സ്വപ്നം തകർന്നു തരിപ്പണമായതിനെക്കുറിച്ച് നിരാശയോടെ പറഞ്ഞു.

‘വിധി അംഗീകരിക്കണം. ജീവിതം നിനക്ക് നീട്ടുന്ന മറ്റ്

അവസരങ്ങൾ തേടിപ്പോകൂ. വായു സേനയിൽ ഉദ്യോഗസ്ഥനായി വിമാനം പറത്തണം എന്നത് നിനക്ക് വിധിച്ചിട്ടില്ല. ഈ തോൽവിയാണ് നിന്നെ നിനക്കു വേണ്ടി വിധിക്കപ്പെട്ട പാതയിലേക്ക് നടക്കാൻ പ്രേരിപ്പിക്കേണ്ടത്' എന്ന് ഉപദേശിച്ചു സ്വാമി ശിവാനന്ദൻ.

നാട്ടിൽ തിരിച്ചെത്തിയ കലാമിന് പ്രതിരോധ മന്ത്രാലയത്തിൽ റിസർച്ചർ ജോലി ലഭിച്ചു. പിറ്റേ ദിവസം തന്നെ അദ്ദേഹം ജോലിക്കു ചേർന്നു. പിന്നീട് സംഭവിച്ചതെല്ലാം ചരിത്രം. ഇന്ത്യൻ ബഹിരാകാശ ഗവേഷണത്തിനും ഇന്ത്യൻ സൈന്യത്തെ ശക്തിപ്പെടുത്തുന്നതിനും അദ്ദേഹം നൽകിയ സംഭാവനകൾ മഹത്തായത്. ഇന്ത്യയുടെ തദ്ദേശീയ റോക്കറ്റ് നിർമ്മാണം മുതൽ, ശബ്ദത്തേക്കാൾ വേഗതയേറിയ അതിനവീന മിസൈലുകൾ ഉണ്ടാക്കിയതു വരെയുള്ള അദ്ദേഹത്തിന്റെ ഗവേഷണ ജോലികൾ ഇന്ത്യയെ സൂപ്പർ പവർ ആക്കാൻ സഹായിച്ചു.



തന്റെ ചെറുപ്പത്തിലുള്ള സ്വപ്നം തുടർന്നിരുന്നെങ്കിൽ, അദ്ദേഹം സാധാരണ വായു സേന ഉദ്യോഗസ്ഥനായി ജോലി ചെയ്ത് വിരമിച്ചിരുന്നിരിക്കും. എന്നാൽ, അതിനുള്ള പരീക്ഷയിൽ നിരാകരിക്കപ്പെട്ടതാണ് അദ്ദേഹത്തെ ഇന്ത്യയിലെ മികച്ച ശാസ്ത്രജ്ഞനാക്കി രൂപപ്പെടുത്തിയത്. ഇന്ത്യയിലെ പരമോന്നത ബഹുമതിയായ ഭാരത രത്നം അദ്ദേഹത്തെ തേടി എത്തി. ഇന്ത്യയുടെ പ്രഥമ പൗരനായി രാഷ്ട്രപതി പദം അലങ്കരിച്ചു.

കലാമിന്റെ ജീവിതത്തിൽ നിന്ന് നാം മനസ്സിലാക്കേണ്ട കാര്യങ്ങൾ... ഒരു പരാജയത്തിൽ നമ്മുടെ ജീവിതം അവസാനിക്കുന്നില്ല. നാം ചിന്തിച്ചതു പോലെ എല്ലാം നടക്കുന്നതിനാൽ മികവുറ്റ ഭാവിയും ലഭിക്കില്ല. ജീവിതത്തിൽ ഉണ്ടാകുന്ന പല സംഭവങ്ങൾക്കും എന്തെങ്കിലും കാരണങ്ങൾ ഉണ്ടായിരിക്കും.

എല്ലാ ശരിയായി നടക്കുമ്പോൾ നാം കാരണങ്ങൾ തേടാറില്ല. നാം ശ്രമിക്കാതെ തന്നെ നമ്മൾ ശ്വസിക്കുന്നുണ്ട്; നമ്മുടെ നിയന്ത്രണത്തിൽ ഇല്ലാതെ തന്നെ ഹൃദയം മിടിക്കുന്നുണ്ട്; ശരീരാവയങ്ങൾ അവയുടെ കർമ്മം ചെയ്യുന്നുണ്ട്. എല്ലാം എന്തു കൊണ്ടാണ് നടക്കുന്നതെന്ന് നാം കാരണം തേടാറില്ല. പ്രതീക്ഷിച്ചത് എന്തെങ്കിലും നടക്കാതിരുന്നാൽ പതറിപ്പോകും.


പക്ഷേ,എല്ലാംഏതോഒരുകാരണത്തിനുവേണ്ടിയാണ് സംഭവിക്കുന്നത്. നാം നമ്മുടെ യോഗ്യതയും കഴിവും ബോധ്യപ്പെടാതെ, ഏതെങ്കിലും ഒരു ചെറിയ ലക്ഷ്യം കൈവരിക്കണമെന്ന് ചിന്തിച്ചിരിക്കാം. വിധി അപ്പോൾ നമ്മെ നിരാകരിച്ച് വലിയ ലക്ഷ്യത്തിലേക്ക് ഓടിക്കും. കാരണം മനസ്സിലാകാതെ നാം ആശങ്കപ്പെടാം. പക്ഷേ കാരണം ഇല്ലാതിരിക്കില്ല.

വിമാനത്തിൽ നിന്ന് രണ്ടു പേർ പാരച്യൂട്ട് ധരിച്ചു കൊണ്ട് ചാടി. ഒരാൾക്ക്, ഗുരുത്വാകർഷണത്തെക്കുറിച്ച് അറിയാം. അന്തരീക്ഷത്തിലുള്ള എന്തും ഭൂമിയുടെ ആകർഷണവലയത്തിലാണെന്ന് മനസ്സിലാക്കി ഭൂമിയിൽ വന്നിറങ്ങും. മറ്റൊരാൾക്ക് ഈ ശാസ്ത്രം അറിയില്ല. പക്ഷേ, ആ വ്യക്തിയും അതേ വേഗത്തിൽതന്നെയാണ് ഭൂമിയിൽവന്നിറങ്ങുന്നത്. നമുക്ക് കാരണം അറിയില്ല എന്നതു കൊണ്ട്, ഒന്നും കാരണമില്ലാതെ സംഭവിക്കാറില്ല.

ജീവിതം ഒരു പരീക്ഷയാണ്. നല്ല അനുഭവങ്ങളെയും മോശം ചുറ്റുപാടുകളെയും നാം എങ്ങനെ അഭിമുഖീകരിച്ച് കടന്നു വരുന്നു എന്നതാണ് നമ്മുടെ ഭാവി നിർണയിക്കുന്നത്. ●


RAMRAJ

# സന്തോഷത്തിന് കാരണം തേടണം



ഒരു പ്രശസ്ത പാചക വിദഗ്ധൻ ഉണ്ടായിരുന്നു. അദ്ദേഹം ഉണ്ടാക്കുന്ന ബിരിയാണിയുടെ രുചിക്ക് എല്ലാവരും അടിമയാകും. അദ്ദേഹത്തിന്റെ ചെറിയ ഹോട്ടലിൽ എപ്പോഴും തിരക്കാണ്.

ഒരു ഓഫീസിൽ ജോലി ചെയ്യുന്ന 50 പേർ, ഒരു അവധി ദിവസം നേരത്തേ പറഞ്ഞുറപ്പിച്ച് അവിടെ ഭക്ഷണം കഴിക്കാനെത്തി. അവർ എത്തുമ്പോൾ ബിരിയാണി തയാറായിക്കൊണ്ടിരിക്കുകയായിരുന്നു. അതിന്റെ ഗന്ധം ഹാളിൽ എമ്പാടും പടർന്നപ്പോൾ, അവർക്ക് പതിവിലും അധികം വിശപ്പായി. എല്ലാവരും തങ്ങൾ എപ്പോഴോ കഴിച്ച രുചികരമായ ഭക്ഷണങ്ങളെക്കുറിച്ച് ഉത്സാഹത്തോടെ സംസാരിച്ചു കൊണ്ടിരുന്നു. ഈ ബിരിയാണി മുമ്പ് കഴിച്ച അനുഭവവും ചില പറഞ്ഞു.

ഭക്ഷണം തയാറായതും അവർക്ക് പുഞ്ചിരിയോടെ വിളിമ്പി പാചക വിദഗ്ധൻ. രുചികരമായ ആ ബിരിയാണിയുടെ ഗന്ധം ആസ്വദിച്ചു കൊണ്ട് അവർ ആദ്യ പിടി എടുത്ത് വായിൽ വയ്ക്കാൻ തുടങ്ങുമ്പോൾ അദ്ദേഹം ഒരു മുന്നറിയിപ്പ് നൽകി. 'ജീരകചമ്പാ അരി നല്ല ശ്രദ്ധയോടെ വൃത്തിയാക്കിയ ശേഷമേ ഞാൻ ബിരിയാണി ചെയ്യാറുള്ളൂ. ഇന്നും അങ്ങനെ വൃത്തിയാക്കുമ്പോൾ, അരിയിൽ ഉണ്ടായിരുന്ന കല്ലുകൾ എടുത്തു കളഞ്ഞിരുന്നു. എന്നിരുന്നാലും അരി പോലെയുണ്ടായിരുന്ന നാലഞ്ചു കല്ലുകൾ എന്റെ ശ്രദ്ധയിൽ പെടാതെ പോയിരിക്കാം. ശ്രദ്ധിച്ച് കഴിക്കണം' എന്ന് പറഞ്ഞു.

അത്ര തന്നെ... അതു വരെ എല്ലാവർക്കും ഉണ്ടായിരുന്ന ഉത്സാഹം വാടിപ്പോയി. ആവേശത്തോടെ കഴിക്കാൻ ഇരുന്നവർ, ഓരോ വായ് ബിരിയാണിയും ശ്രദ്ധയോടെ കഴിക്കാൻ ആരംഭിച്ചു. വായിൽ കല്ല് പെട്ടില്ലെങ്കിൽ, 'രക്ഷപ്പെട്ടു' എന്ന് സമാശ്വാസവാക്കുകൾ പറഞ്ഞു. ഭക്ഷണത്തിന്റെ ഗന്ധത്തിലോ രുചിയിലോ അവർ ശ്രദ്ധിച്ചില്ല. മറ്റെല്ലാ ദിവസങ്ങളേയും കാൾ ഇന്ന് ബിരിയാണി രുചികരമായാണ് പാചകം ചെയ്തിരിക്കുന്നത്. എന്നിരുന്നാലും, ആരും അത് രുചിച്ച് കഴിച്ചില്ല.

ഭക്ഷണത്തിനു മുമ്പ് അവർ സന്തോഷത്തോടെ സംസാരിച്ചതുപോലെ ഇപ്പോൾ സംസാരിക്കുന്നില്ല. ആ ഹാൾ നിശ്ശബ്ദമായി. 'കല്ലു കടിക്കരുതേ' എന്ന പ്രാർത്ഥനയായിരുന്നു എല്ലാവർക്കും. അവസാന വായ് ബിരിയാണി കഴിച്ചു കഴിയും വരെയും അവർ അങ്ങനെ തന്നെ തുടർന്നു.


എല്ലാവരും ഭക്ഷണം കഴിച്ച് കൈ കഴുകി വന്നിരുന്നപ്പോൾ, ആർക്കും ബിരിയാണിയിൽ കല്ലു കടിച്ചില്ലെന്ന് മനസ്സിലായി. ഉടനേ പാചക വിദഗ്ധനെ വിളിച്ചു ചോദിച്ചു. 'എന്റെ ശ്രദ്ധയിൽ പെടാതെ ചില കല്ലുകൾ ഉണ്ടായിരിക്കാം എന്നാണ് ഞാൻ പറഞ്ഞത്. കല്ല് കണ്ടില്ലെന്നതിൽ സന്തോഷം' എന്ന് പറഞ്ഞു അദ്ദേഹം.

അവർ പരസ്പരം നോക്കി. കല്ലിനെക്കുറിച്ചുള്ള ഉൽക്കണ്ഠയിൽ അതീവ രുചികരമായ ഭക്ഷണം സന്തോഷത്തോടെ കഴിച്ചില്ല എന്ന കാര്യം അവർക്ക് ബോധ്യമായി.

ഒരു കുട്ടി തന്റെ മനസ്സ് പളുങ്കു പോലെ വച്ച് നിഷ്കളങ്കമായി ചിരിക്കും. സന്തോഷം അനുഭവിക്കും. അങ്ങനെയായിരിക്കണം നമ്മളും. സന്തോഷം അനുഭവിക്കാൻ നൂറു കാരണങ്ങൾ ഉണ്ടെങ്കിലും ദുഃഖിക്കാനുള്ള ഒരു കാരണത്തെക്കുറിച്ച് ചിന്തിച്ച് ദുഃഖിക്കുന്നു. സന്തോഷത്തിനു വേണ്ട കാരണങ്ങൾ അന്വേഷിച്ച് കണ്ടെത്തി, എപ്പോഴും സന്തോഷത്തോടെ ഞാൻ പറഞ്ഞത്. ജീവിതത്തിൽ സമാധാനത്തിനുള്ള സൂത്രം ഇതാണ്. ●



# ജീവിക്കാനുള്ള 12 കാരണങ്ങൾ



- ജീവിതം പഠിച്ചു കൊണ്ടേയിരിക്കാനുള്ള ഒരു അവസരമാണ്. ഓരോ നിമിഷവും നാം ഏതെങ്കിലും ഒന്ന് പഠിക്കും. അത് നല്ലതുമാകാം, ചീത്തയുമാകാം. ചോയ്സ് നമ്മുടേതാണ്.
- കടലിൽ തിരമാലകൾ അടുത്തടുത്ത് വന്ന് കരയെ തൊടുന്നതു പോലെ, ജീവിതവും ആവർത്തിച്ചുകൊണ്ടേയിരിക്കും. എല്ലാ തിരമാലകളും ഒരുപോലെ ആയിരിക്കില്ല. ഓരോ തിരമാലയും ഒരു പുതിയ അനുഭവം നൽകും. ഒരു കൂറ്റൻ തിരമാല നമ്മെ മുക്കിക്കളയും. മൃദുലമായ ഒരു തിരമാല കാലുകൾ തഴുകിപ്പോകും. പക്ഷേ എല്ലാം അൽപ നേരത്തേക്കു മാത്രമായിരിക്കും.
- ജീവിതം ഒരു ഭംഗിയുള്ള സമ്മാനമായി നമുക്ക് നൽകിയിരിക്കുകയാണ്. ചിലർക്ക് അത് നൂറ്റാണ്ട് അനുഭവിക്കാൻ കഴിയും. ചിലർക്ക് 60 വർഷം പോലും നിലനിൽക്കില്ല. ആ സമ്മാനം നാം ഓരോ ദിവസവും അനുഭവിച്ചറിയണം.
- നമ്മുടെ ജീവിതം നമുക്കായി മാത്രമുള്ളതല്ല. കുടുംബം, സുഹൃത്തുക്കൾ, ബന്ധുക്കൾ എന്നിങ്ങനെ നമ്മെ ചുറ്റിയുള്ള എല്ലാവർക്കും സ്വന്തമായത്. നമ്മെ മുഖ്യമെന്ന് കരുതുന്ന എല്ലാരെയും നാം കരുതലോടെ ചേർത്തു പിടിക്കണം.
- ഓരോ പുതിയ നാളും നമുക്ക് ഒരു പുതിയ അനുഭവം നൽകിയേക്കാം. ആ ദിവസം തൃപ്തിയോടെ ജീവിക്കാതിരുന്നാൽ, നമുക്ക് എന്താണ് നഷ്ടമായതെന്ന് നാം അറിയാതെ പോകും.
- നമ്മുടെ ജീവിതത്തെ നാമാണ് രൂപപ്പെടുത്തുന്നത്. അത് ഭംഗിയും സമാധാനവും സന്തോഷവും ഉള്ളതായി രൂപപ്പെടുത്തേണ്ടത് നമ്മുടെ ഉത്തരവാദിത്തം.
- പല മോശമായ അനുഭവങ്ങൾ നമ്മുടെ മനസ്സിൽ നിരന്തര മുറിവുകൾ ഏൽപിച്ച് പോയിരിക്കാം. എന്നാൽ, ആ കഠിനമായ നിമിഷങ്ങളിലും നമുക്ക് ചിലർ കൈകൊടുക്കും. ആ സഹായം സ്വീകരിക്കണം. സമാനമായി മറ്റുള്ളവർക്ക് കൈകൊടുക്കുന്നവരും ആയിരിക്കണം നിങ്ങൾ.
- പ്രശ്നങ്ങൾനേരിട്ട്പുറത്തുകടക്കുമ്പോഴാണ് നമുക്ക് കരുത്ത് ബോധ്യമാകുന്നത്. ജീവിതത്തിൽ നമ്മെ അസ്ഥിരപ്പെടുത്താനല്ല വെല്ലുവിളികൾ എത്തുന്നത്. നമ്മുടെ ശക്തി നമുക്ക് ബോധ്യപ്പെടുത്താൻ അവ സഹായിക്കും.
- നമ്മെക്കുറിച്ച്നാംതന്നെമനസ്സിലാക്കാത്തപല കാര്യങ്ങൾ അപ്പപ്പോൾ മനസ്സിലാക്കുമ്പോഴാണ് നാം ജീവിക്കുന്നതിന്റെ അർത്ഥം അറിയുന്നത്.
- കണ്ണാടിയിൽനമ്മുടെമുഖംനോക്കുമ്പോൾ ദേഷ്യമോ അപകർഷതാ ബോധമോ ഉണ്ടാകരുത്. നമ്മുടെ കണ്ണുകളിൽ സ്നേഹവും സന്തോഷവും കാണുമ്പോഴാണ് നാം പൂർണമായി ജീവിക്കുന്നു എന്ന് അർത്ഥം നൽകുന്നത്.
- ജീവിതം മുഴുവനും ആരെയെങ്കിലും, എന്തിനെയെങ്കിലും സ്നേഹിച്ചു കൊണ്ടേയിരിക്കണം. നിങ്ങളുടെ ജീവിതം അർത്ഥവത്താക്കി മാറ്റുന്നത് ആ സ്നേഹം മാത്രമാണ്.
- നിങ്ങളുടെ ജീവിതത്തിന് സഹായകമാകുന്ന ഒരു പ്രവൃത്തി 'സാധ്യമല്ല' എന്ന് കൈവിടാൻ നൂറു കാരണങ്ങൾ ഉണ്ടായിരിക്കാം. പക്ഷേ 'കഴിയും' എന്ന് വിശ്വസിച്ച് അത് ചെയ്യൂ. അത്ഭുതങ്ങൾ സംഭവിക്കും എന്ന് വിശ്വസിക്കൂ. ആ വിശ്വാസം നിങ്ങളെഉയരങ്ങളിലേക്ക്കൂട്ടിക്കൊണ്ടുപോകുന്ന ഒറ്റക്കാരണമായിരിക്കും. ●


RAMRAJ

ഒരു ഭക്ഷ്യസംസ്കരണ ശാലയിൽ ജോലി ചെയ്തു വരികയായിരുന്നു ഒരു യുവാവ്. റഫ്രിജറേഷൻ യൂണിറ്റിന് എന്തെങ്കിലും തകരാർ ഉണ്ടായാൽ, അത് അറ്റകുറ്റപ്പണി ചെയ്യുന്നതാണ് അവന്റെ ജോലി. അൽപം വൈകിയാൽ പോലും ഭക്ഷ്യവസ്തുക്കൾ കേടാകും എന്നതിനാൽ, എപ്പോഴും ജാഗ്രതയോടെ തുടരണം. എന്തെങ്കിലും പ്രശ്നം ഉണ്ടായാൽ അവൻ ഇരിക്കുന്ന ഇടത്തിൽ അലാറം മുഴങ്ങും. ഉടനേ ഓടിയെത്തണം.

ഒരു ദിവസം വൈകുന്നേരം അവന്റെ ജോലി അവസാനിക്കുന്ന സമയത്ത് പെട്ടെന്ന് ഒരു യൂണിറ്റിൽ തകരാർ. കേടുപാടുകൾ തീർത്ത് റഫ്രിജറേഷൻ യൂണിറ്റ് പ്രവർത്തിക്കാൻ തുടങ്ങുമ്പോൾ ജോലി സമയം കഴിഞ്ഞ് പത്ത് മിനിട്ട് ആയി. പ്രശ്നം പരിഹരിച്ച സമാധാനത്തിൽ അവൻ പുറത്തേക്കിറങ്ങാൻ ശ്രമിച്ചു, പക്ഷേ കഴിഞ്ഞില്ല.



ആ സ്ഥാപനത്തിന്റെ ചിട്ട അനുസരിച്ച് എല്ലാവർക്കും ജോലി അവസാനിക്കുന്ന സമയത്ത് സ്റ്റോറേജ് ഭാഗത്ത് ഉള്ള വാതിലുകൾ എല്ലാം ഓട്ടോമാറ്റിക്ക് ആയി അടയും. ഉള്ളിലുള്ള വസ്തുക്കൾ മോഷണം പോകാതിരിക്കാനാണ് ഇങ്ങനെ ചെയ്തിരിക്കുന്നത്. അത്തരത്തിൽ വാതിൽഅടഞ്ഞു.വിളക്കുകളുംഅണഞ്ഞു. അവന് ഈ ചിട്ട അറിയാമായിരുന്നെങ്കിലും, ജോലിയിൽ മുഴുകിയിരുന്നതിനാൽ ശ്രദ്ധിച്ചില്ല. ഇപ്പോൾ അവന് ഉള്ളിൽ നിന്ന് വാതിൽ തുറക്കാൻ കഴിയില്ല. ഉള്ളിൽ ഫോൺ സൗകര്യവും ഇല്ല. സെൽഫോൺ ഉള്ളിൽ അനുമതി ഇല്ലാത്തതിനാൽ ആ അവസരവും ഇല്ല. ഇനി രാവിലെയേ അവിടം തുറക്കൂ.

ഭയം കൊണ്ട് അവന്റെ ഹൃദയം ഉച്ചത്തിൽ മിടിക്കാൻ തുടങ്ങി. ഇപ്പോൾ അവന് ജീവൻ രക്ഷിക്കാനുള്ള ഒരേയൊരു അവസരം, പുറത്തുള്ള ആരെങ്കിലും സെക്യൂരിറ്റിയോട് പറഞ്ഞ്, അവിടെയുള്ള താക്കോൽ എടുത്ത് തുറക്കുക എന്നതാണ്. അല്ലാത്ത പക്ഷം തണുപ്പിൽ മരവിച്ച് മരിക്കേണ്ടതു തന്നെ. മരവിപ്പിക്കുന്ന ഈ തണുപ്പിൽ അവന് ഒരു മണിക്കൂർ പോലും പിടിച്ചു നിൽക്കാൻ കഴിയില്ല. ഭയത്തിൽ അവൻ എല്ലാ ദൈവങ്ങളോടും പ്രാർത്ഥിച്ച്, തറയിൽ ഇരുന്നു.

അര മണിക്കൂറിൽ സ്റ്റോറേജിന്റെ വാതിൽ വേഗത്തിൽ തുറക്കുന്ന ശബ്ദം കേട്ടു. കണ്ണുകളെ വിശ്വസിക്കാൻ കഴിയാതെ അവൻ വാതിലിലേക്ക് നോക്കി. ആ സ്ഥാപനത്തിലെ സെക്യൂരിറ്റി, തന്റെ കൈയിലിരുന്ന ടോർച്ച് അടിച്ച് ഉള്ളിലേക്ക് നോക്കി. ഇവൻ കൈ വീശിയതും അരികിൽ ഓടിയെത്തി വെളിയിലേക്ക് കൂട്ടിക്കൊണ്ടു പോയി.

പുറത്തെത്തിയതും അവന് സ്ഥലകാലബോധം വീണ്ടെടുക്കാൻ അൽപ സമയം വേണ്ടിവന്നു. ആ സെക്യൂരിറ്റിയെ തൊഴുതു കൊണ്ട് നന്ദി പറഞ്ഞു അവൻ. 'ഞാൻ ഉള്ളിലുണ്ടെന്ന് നിങ്ങൾക്ക് എങ്ങനെ മനസ്സിലായി? എന്നെ എങ്ങനെ രക്ഷപ്പെടുത്തി?' എന്ന് ചോദിച്ചു.


'നിങ്ങളുടെ നല്ല ഗുണമാണ് കാരണം.' എന്ന് സെക്യൂ രിറ്റി പറഞ്ഞു. അവൻ ഒന്നും മനസ്സിലാകാതെ നോക്കിയപ്പോൾ, അദ്ദേഹം തുടർന്നു. 'ഈ സ്ഥാപനത്തിൽ നൂറിലുമധികം പേർ ജോലി നോക്കുന്നുണ്ട്. വാതിലിൽ ദിവസം മുഴുവനും ഇരിക്കുന്ന സെക്യൂരിറ്റിയും മനുഷ്യനാണെന്ന് മറ്റാരും ചിന്തിക്കാറില്ല. നിങ്ങൾ ഒരാൾ മാത്രമാണ് രാവിലെ ഉള്ളിലേക്ക് പോകുമ്പോൾ 'ഗുഡ്മോണിംഗ്' പറയാറുള്ളത്. വൈകുന്നേരം ജോലി കഴിച്ച് മടങ്ങുമ്പോൾ 'ബൈ' പറയാറുമുണ്ട്. ഇന്ന് രാവിലെമുതൽ എനിക്കായിരുന്നു ഡ്യൂട്ടി. രാവിലെ നിങ്ങൾ വന്നത് അറിയാം. വൈകുന്നേരം നിങ്ങളെ കണ്ടില്ലല്ലോ എന്ന് സംശയിച്ചു. എന്തെങ്കിലും സംഭവിച്ചിട്ടുണ്ടാകുമോ എന്ന് നോക്കാനാണ് വന്നത്. അങ്ങനെ നിങ്ങളെ രക്ഷിക്കാൻ കഴിഞ്ഞു' എന്നു പറഞ്ഞു സെക്യൂരിറ്റി.

വലിയ പരിചയമില്ലെങ്കിലും, ദിവസവും കാണുന്ന മനുഷ്യനെ മതിച്ച് നമസ്കാരം പറഞ്ഞത് ഇത്തരത്തിൽ തന്റെ ജീവൻ തന്നെ ഭാവിയിൽ രക്ഷിക്കും എന്ന് അവൻ ചിന്തിച്ചതേ ഇല്ല. ഒരു പുഞ്ചിരി, ഒരു നമസ്കാരം, ഒരു ഹലോ... ഇതിന് ഒരു പൈസ പോലും ചെലവില്ല. എല്ലാവരെയും മതിക്കുന്നവർക്കാണ് മതിപ്പ് നേടാൻ കഴിയുന്നത്. ഏതെങ്കിലും ഒരു ദിവസം അവരുടെ ജീവിതത്തിൽ അത്ഭുതം സംഭവിക്കും.

ജീവിതം ധാരാളം പ്രശ്നങ്ങൾ നിറഞ്ഞത് എന്ന്



# മതിപ്പ് നൽകി മതിപ്പ് നേടണം



നിങ്ങൾ കരുതിയാൽ, പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നവരായി നിങ്ങളെ മാറ്റണം. നേരിടുന്ന പ്രശ്നങ്ങൾ പരിഹരിച്ചു കൊണ്ടിരിക്കുന്നതാണ് നിങ്ങളുടെ ജീവിതത്തിന്റെ ഒരേ കാരണം.

ജീവിതം സന്തോഷം നിറഞ്ഞതാണെന്ന് നിങ്ങൾ കരുതിയാൽ, സന്തോഷം അനുഭവിക്കുന്നതിനു വേണ്ടിയാണ് നിങ്ങൾ ജനിച്ചതെന്ന് ബോധ്യപ്പെട്ട് ജീവിക്കണം. 'ഈ ജീവിതം എന്തോ കൈവരിക്കുന്നതിനാണ് നൽകിയിരിക്കുന്നത്' എന്ന് ചിന്തിച്ചാൽ, ആ ലക്ഷ്യത്തിലേക്കുള്ള യാത്രയായിരിക്കണം നിങ്ങളുടെ ജീവിതം.


ഒരു പ്രശസ്ത ഡോക്ടർ ഉണ്ടായിരുന്നു. സർക്കാർ ആശുപത്രിയിൽ പാവപ്പെട്ടവർക്ക് ചെയ്യുന്ന സേവനത്തിൽ തൃപ്തിപ്പെട്ടിരുന്ന വ്യക്തി. ഹൃദ്രോഗ ചികിത്സയിൽ വിദഗ്ധൻ. ഒരിക്കൽ ഹൃദയസ്തംഭനം ഉണ്ടായി തന്റെ പക്കൽ ചികിത്സയ്ക്കെത്തിയ ഒരു ഓട്ടോ ഡ്രൈവറെ അടിയന്തര ശസ്ത്രക്രിയക്ക് വിധേയനാക്കി രക്ഷപ്പെടുത്തി. ജീവൻ തിരിച്ചു കിട്ടി മടങ്ങുമ്പോൾ ഡോക്ടറെ ഇരു കൈയും കൂപ്പി തൊഴുതു ആ ഡ്രൈവർ, 'ദൈവത്തിനെപ്പോലെ രക്ഷപ്പെടുത്തി, സർ. എന്നെങ്കിലും ഒരിക്കൽ എന്റെ ജീവൻ നൽകിയും ഞാൻ നിങ്ങളെ രക്ഷപ്പെടുത്തും,' എന്ന് പറഞ്ഞ് പോയി. 'ഇതെന്താ, വ്യത്യസ്തമായ ശപഥം' എന്ന് അതിശയിച്ച് ഡോക്ടർ ചിരിച്ചു.

ചില മാസങ്ങൾ കഴിഞ്ഞ് ആ നഗരത്തിൽ വലിയ ലഹള. നാട്ടിലെ അവസ്ഥ അറിയാതെ മറ്റൊരിടത്തു നിന്ന് വീട്ടിലേക്ക് കാറിൽ മടങ്ങുകയായിരുന്ന ഡോക്ടറെ അക്രമി സംഘം വളഞ്ഞു. അദ്ദേഹം മറ്റൊരു വംശത്തിൽ പെട്ട ആളെന്ന് മനസ്സിലാക്കി ആയുധങ്ങൾ സഹിതം അടുത്തേക്ക് വന്നു അവർ. താൻ അവരുടെ ആയുധങ്ങൾക്ക് ഉറപ്പായും ഇരയാകുമെന്ന് ഡോക്ടർ തീർച്ചപ്പെടുത്തിയപ്പോൾ, എവിടെനിന്നോ ഒരാൾ വന്നു. ആ അക്രമിസംഘത്തെ വിരട്ടിയോടിച്ചു. ഡോക്ടറെ തന്റെ സംരക്ഷണയിൽ നിർത്തിക്കൊണ്ട് അവരെ തുരത്തി. തന്റെ ജീവൻ പണയം വച്ച് ഡോക്ടറെ രക്ഷപ്പെടുത്തി വീട്ടിൽ എത്തിച്ചു. ഡോക്ടർ മുമ്പ് ശസ്ത്രക്രിയ ചെയ്ത ഓട്ടോ ഡ്രൈവർ ആയിരുന്നു അത്. ഓപ്പറേഷൻ സമയത്ത് അവന് ഡോക്ടർ ദൈവമാണെന്ന് തോന്നി; ഇപ്പോൾ ഡോക്ടർക്ക് അവൻ ദൈവമാണെന്ന് തോന്നി.

ദൈവമായി മാറാനും ദൈവമായി ഉയരാനും അവസരങ്ങൾ നേടണം.


RAMRAJ

## ടാഗോറിനെ അവഗണിച്ച കവികൾ



രവീന്ദ്രനാഥ ടാഗോർ ആരംഭകാലങ്ങളിൽ എഴുതിയ കവിതകൾക്ക് ബംഗാൾ സാഹിത്യകാരന്മാരുടെ അംഗീകാരം നേടാൻ കഴിഞ്ഞില്ല. 'പണം ഉള്ളതു കൊണ്ട് കവിത എഴുതി പുസ്തകമാക്കുന്നു' എന്ന് കളിയാക്കി. 'എങ്ങനെ കവിത എഴുതരുത്' എന്നതിന് ഉദാഹരണമായി അദ്ദേഹത്തിന്റെ കവിതകൾ വിദ്യാർത്ഥികൾക്ക് പ്രൊഫസർമാർ നൽകുമായിരുന്നു. അത്രയും അപമാനം സഹിച്ച വ്യക്തിയാണ് ടാഗോർ.

ആ അവഗണനകളാണ് അദ്ദേഹത്തിന്റെ പരിശ്രമങ്ങളെ ദൃഢപ്പെടുത്തിയത്. കവിതത്തിന് മൂർച്ചയേകിയത്. സാഹിത്യത്തിൽ നോബൽ സമ്മാനം നേടിയ ഇന്ത്യക്കാരൻ എന്ന നേട്ടം ആദ്യം സ്വന്തമാക്കിയത് അദ്ദേഹമാണ്. ഇന്ത്യയിൽ മാത്രമല്ല, ബംഗ്ലാദേശിലും അദ്ദേഹം എഴുതിയ കവിതയാണ് ദേശീയ ഗീതമായി ഇന്നും മുഴങ്ങിക്കേൾക്കുന്നത്.

---



## നികുതിയാണ് കാരണം

ബിൽ നൈറ്റ് എന്ന അമേരിക്കൻ യുവാവ് തന്റെ പഠനം പൂർത്തിയാക്കിയതും ഒരു കായിക സ്ഥാപനത്തിന് ബിസിനസ് പ്ലാൻ എഴുതി നൽകി. അത് നിരാകരിച്ച് അദ്ദേഹത്തിന് ജോലി നൽകാനും മടിച്ച ആ സ്ഥാപനം 'നീ നാണം കുണുങ്ങിയാണ്. നിനക്ക് ബിസിനസ് ശരിയാകില്ല' എന്ന് പറയുകയും ചെയ്തു.

ആ യുവാവ് അൽപം പണം സമ്പാദിച്ച് ജപ്പാനിൽ പോയി. അപ്പോൾ ജപ്പാനിൽ ടൈഗർ എന്ന ഒരു ഷൂ സ്ഥാപനം ഉണ്ടായിരുന്നു. കായികതാരങ്ങൾക്കുള്ള ഷൂ ഉൽപാദിപ്പിക്കുന്നതിൽ ലോക പ്രശസ്തം. ആ സ്ഥാപനത്തിൽ ചെന്ന് 15 ജോഡി ഷൂ ഓർഡർ നൽകിയ ശേഷം അവരുടെ ഷൂകൾ അമേരിക്കയിൽ വിൽക്കാനുള്ള ബിസിനസും സംസാരിച്ച് മടങ്ങി.

ബ്ലൂ റിബൺ സ്പോർട്സ് എന്ന പേരിൽ ഒരു കട ആരംഭിച്ചു. തുടക്കത്തിൽ വലിയ ലാഭം ഇല്ല. 10 വർഷത്തിൽ അത് 45 പേർ ജോലി ചെയ്യുന്ന സ്ഥാപനമായി വളർന്നു. സ്ഥാപനത്തിന്റെ പേര് ചുരുക്കത്തിലും ഭംഗിയിലും മാറ്റാം എന്ന നിർദ്ദേശം വന്നു. 'നൈക്കി' എന്ന പേര് മുന്നോട്ടു വച്ചു ഒരാൾ. ആ പേര് തനിക്ക് ഇഷ്ടമായില്ലെങ്കിലും, അതു തന്നെ ഉറപ്പിച്ചു ബിൽ നൈറ്റ്.

ആ സമയത്ത് അദ്ദേഹത്തിന് വലിയ ഒരു പ്രതിസന്ധി ഉണ്ടായി. ജപ്പാനിൽ നിന്ന് ഇറക്കുമതി ചെയ്യുന്നതിന് നികുതി കൃത്യമായി നൽകിയില്ലെന്ന് കാട്ടി അമേരിക്കൻ സർക്കാർ കുറ്റപത്രം നൽകി. ഏകദേശം 200 കോടി രൂപ നികുതി അടയ്ക്കാൻ ആവശ്യപ്പെട്ട് നോട്ടീസ് അയച്ചു. ആ പ്രതിസന്ധിയിൽ മറ്റു മാർഗമില്ലാതെ അമേരിക്കയിൽ തന്നെ ഷൂ ഉൽപാദിപ്പിക്കാൻ ആരംഭിച്ചു ബിൽ നൈറ്റ്. ആ നൈക്കി ഷൂകൾ ആണ് അദ്ദേഹത്തിന്റെ സ്ഥാപനത്തിന്റെ വളർച്ചയ്ക്ക് കാരണം. ഇന്ന്, നൈക്കി ലോകത്തെ മുൻനിര സ്പോർട്സ് ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്ന സ്ഥാപനം. ഏതാണ്ട് എൺപതിനായിരം പേർ ജോലി ചെയ്യുന്നുണ്ട്. ലോകത്തെ മുൻനിര 25 സമ്പന്നരുടെ പട്ടികയിൽ ഇടം നേടിയിരുന്നു അദ്ദേഹം.

## മാറ്റം നൽകിയ കരുത്ത്



ഒരു ടെലിവിഷനിൽ വൈകുന്നേരത്തെ വാർത്ത വായനക്കാരിയായിരുന്നു ഓപ്രാ വിൻഫ്രി. വാർത്തകൾ ആവേശത്തോടെയല്ല, വൈകാരികതയോടെയാണ് വായിക്കുന്നത് എന്ന് കുറ്റപ്പെടുത്തി ആ ജോലി തുടർന്നും നൽകാൻ വിസമ്മതിച്ചു സ്ഥാപനം. ജോലിയിൽ നിന്ന് പുറത്താക്കാതെ, പകൽ സമയത്തെ ഒരു പ്രോഗ്രാമിന്റെ മേൽനോട്ടം അവർക്ക് നൽകി. ആരും ടിവി കാണാത്ത പകൽ സമയത്തെ പ്രോഗ്രാമിലേക്ക് ഒരാളെ മാറ്റുന്നത് അപമാനമാണ്. അത് ഇഷ്ടപ്പെടാതെ അവർ ജോലി ഉപേക്ഷിച്ചു പോകും എന്ന് കരുതി.

മനസ്സ് തകർന്നെങ്കിലും, ആ പകൽ സമയത്തെ പ്രോഗ്രാം വൈകാരികതയോടെ ആരംഭിച്ചു ഓപ്രാ. പലരും അതിഥികളായെത്തി അവരോട് മനസ്സ് തുറന്ന് സംസാരിച്ചു. ലോകത്തെ ഏറ്റവും പ്രശസ്തമായ പ്രോഗ്രാമായി അത് മാറി. ഇന്ന് ഓപ്രാ വിൻഫ്രി അമേരിക്കയ്ക്കുമപ്പുറം ലോകമെങ്ങും പ്രശസ്തമായ പേരാണ്.

## കുട്ടികളുടെ ഹീറോ



'ഇദ്ദേഹത്തിന് ഭാവനാശേഷിയേ ഇല്ല. നല്ല ആശയങ്ങളൊന്നും നൽകാറില്ല' എന്ന് പറഞ്ഞ് മാധ്യമ ജോലിയിൽ നിന്ന് പിരിച്ചു വിടപ്പെട്ട വ്യക്തിയാണ് വാൾട്ട് ഡിസ്നി. അതിനു ശേഷം ഒരു ആനിമേഷൻ സ്റ്റുഡിയോ ആരംഭിച്ച് ചിത്രം നിർമ്മിക്കാൻ ശ്രമിച്ചു അദ്ദേഹം. കടം പെരുകിയപ്പോൾ ആ സ്ഥാപനം പാപ്പരായി.

അതിനു ശേഷം തന്റെ സഹോദരന്റെ ചികിത്സയ്ക്കു വേണ്ടി കാലിഫോർണിയയിൽ എത്തിയ വാൾട്ട് ഡിസ്നി, ഹോളിവുഡ് സിനിമകളിൽ അവസരം തേടി. അദ്ദേഹം നിർമ്മിച്ച ആദ്യ ആനിമേഷൻ ചിത്രം ആരും വാങ്ങിയില്ല. വർഷങ്ങൾ കഴിഞ്ഞ് അത് റിലീസ് ചെയ്തപ്പോൾ, കുട്ടികൾക്ക് വളരെയധികം ഇഷ്ടമായി. അതിനു ശേഷം അദ്ദേഹം സൃഷ്ടിച്ച മിക്കി മൗസ് ലോക പ്രശസ്തമായി. 22 ഓസ്കാർ അവാർഡുകൾ എന്ന അദ്ദേഹത്തിന്റെ ചരിത്രം ഇതു വരെ ആർക്കും മറികടക്കാനായിട്ടില്ല. അദ്ദേഹം രൂപപ്പെടുത്തിയ ഡിസ്നി തീം പാർക്കുകൾ, അദ്ദേഹത്തിന്റെ ഭാവനാശേഷിയുടെ മികവുകൾക്ക് ഉദാഹരണവും.

## പുറത്താക്കിയതു കൊണ്ട് വളർന്നു



അമേരിക്കയിലെ ന്യൂയോർക്ക് നഗരത്തിൽ ജനിച്ച മൈക്കൽ ബ്ലൂംബെർഗ്, തന്റെ സുഹൃത്തുക്കളുമായി ചേർന്ന് ഒരു നിക്ഷേപ ബാങ്ക് നടത്തിയിരുന്നു. സിറ്റി ബാങ്ക് ഗ്രൂപ്പ് ആ ചെറിയ ബാങ്കിനെ വിലയ്ക്കെടുത്തു. ആദ്യം തന്നെ ബ്ലൂംബെർഗിനെ അതിൽ നിന്ന് മാറ്റി. അവിടെ നിന്ന് പുറത്തായ ബ്ലൂബെർഗ്, തന്റെ സ്വന്തം ഫിനാൻസിംഗ് സ്ഥാപനം ആരംഭിച്ചു. സിറ്റി ഗ്രൂപ്പിനേക്കാൾ വലുതായി അത് വളർന്നു.

ബ്ലൂംബെർഗ് എന്ന അദ്ദേഹത്തിന്റെ സ്ഥാപനത്തിന്റെ സേവനം ഉപയോഗപ്പെടുത്താത്ത നിക്ഷേപകർ ഇന്ന് അമേരിക്കയിൽ ഇല്ല. ലോകത്ത് 16-ആമത്തെ ഏറ്റവും വലിയ ധനികനായി അദ്ദേഹം. ഒരു പക്ഷേ പുറത്താക്കാതിരുന്നിരുന്നെങ്കിൽ, അദ്ദേഹം സിറ്റി ഗ്രൂപ്പിന്റെ ഓഫീസറായി ജോലി നോക്കി വിരമിക്കുമായിരുന്നേനെ.


RAMRAJ

# ദീപാവലി ഹൃദയം കൊണ്ട് ആഘോഷിക്കൂ



കാലത്തിന്റെ മാറ്റങ്ങൾക്ക് അനുസൃതമായി നമ്മെ പരിഷ്കരിക്കേണ്ടത് അവശ്യം. അല്ലാത്ത പക്ഷം, നമുക്കും കുട്ടികൾക്കും ഇടയിൽ വിടവ് അധികരിക്കും. നമ്മുടെ പാരമ്പര്യ മഹിമകളെ ഈ മാറ്റങ്ങൾ വിഴുങ്ങാതെ നോക്കണം. അടുത്ത തലമുറയ്ക്ക് അതിന്റെ പ്രാധാന്യം പറഞ്ഞു കൊടുക്കേണ്ടത് അവശ്യം.

'ഒന്നിനും സമയമില്ലാതെ' ഓടുന്ന കാലത്തിൽ, ഉത്സവങ്ങളാണ് നമുക്ക് ആശ്വാസം നൽകുന്നത്. ഓട്ടപ്പന്തയത്തിൽ വേഗത്തിൽ ഓടിയാലേ ജയിക്കൂ. പക്ഷേ, മനുഷ്യ ജീവിതം വെറും പന്തയമല്ല. ആഘോഷങ്ങളാണ് ജീവിതത്തിനെ മധുരതരമാക്കുന്നത്. ഉത്സവങ്ങൾ ചിലർക്കു മാത്രം സന്തോഷം തരുന്നവയല്ല. സമൂഹത്തിലുള്ള ഓരോരുത്തർക്കും സന്തോഷം നൽകും.

നമ്മുടെ ഉത്സവങ്ങളിൽ ദീപാവലി വേറിട്ടതാണ്. കുട്ടികൾ മുതൽ പ്രായമേറിയവർ വരെ എല്ലാവരെയും സന്തോഷപ്പെടുത്തുന്ന തിരുനാളാണ് ദീപാവലി. 'നമ്മുടെ വീടുകളിൽ നന്മയുടെ പ്രകാശം പരത്തും' എന്ന വിശ്വാസം ഏർപ്പെടുത്തുന്ന ഉത്സവമാണ് ദീപാവലി.

'ദീപം' എന്നാൽ വിളക്ക്. 'ആവലി' എന്നാൽ 'നിര'. ദീപാവലി നാളിൽ വീട്ടിൽ നിരനിരയായി വിളക്കേറ്റി അലങ്കരിച്ച്, ഇരുണ്ടിരിക്കുന്ന വീടിനെ പ്രകാശമാനമാക്കും. ഓരോരുത്തരുടെ മനസ്സിലും അൽപം ഇരുട്ട് ഉണ്ട്. അഹങ്കാരം, അസൂയ, ദേഷ്യം എന്നിങ്ങനെയുള്ള ദുർഗുണങ്ങളെ കത്തിച്ചു കളയണം. ജ്ഞാന പ്രകാശം കൊണ്ട് മനസ്സിനുള്ളിൽ കെട്ടിനിൽക്കുന്ന അജ്ഞാന ഇരുട്ടിനെ തുരത്തുന്നതാണ് ദീപാവലിയുടെ തത്വം.

നമ്മെ ശുദ്ധി ചെയ്യാൻ വേണ്ടിയാണ് പടക്കം പൊട്ടിക്കുന്നത്. അതായത് ചില വസ്തുക്കൾ നശിപ്പിക്കാൻ അവയെ തീയിൽ ഇടാറുള്ളതു പോലെ, നമ്മുടെ മനസ്സിൽ നിന്ന് ദുർചിന്തകൾ പടക്കം പൊട്ടുന്നതു പോലെ ചിതറിത്തെറിക്കണം.

ദീപാവലി ദിവസം അതിരാവിലെ തല കുളിക്കുന്നതിനെ 'ഗംഗാ സ്നാനം' എന്നാണ് വിളിക്കുന്നത്. അന്നത്തെ ദിവസം കുളിക്കുന്നതിലൂടെ നാം പരിശുദ്ധരാകും. നമ്മുടെ ശരീരം പോലെ മനസ്സും ശുദ്ധമാക്കുന്നതിനാലാണ് അതിനെ 'ഗംഗാ സ്നാനം' എന്ന് വിളിക്കുന്നത്.

'ദീപാവലി നാളിൽ നാം ഉപയോഗപ്പെടുത്തുന്ന എണ്ണയിൽ ലക്ഷ്മി ദേവിയും ചീക്കക്കായിൽ സരസ്വതിയും ചന്ദനത്തിൽ ഭൂമിദേവിയും കുങ്കുമത്തിൽപാർവതിയുംപൂക്കളിൽമോഹിനിയും വെള്ളത്തിൽ ഗംഗയും പുതുവസ്ത്രങ്ങളിൽ മഹാവിഷ്ണുവും ഇനിപ്പു മരുന്നിൽ ധന്വന്തരിയും, മധുര പലഹാരങ്ങളിൽ അമൃതും ദീപത്തിൽ പരമാത്മാവുംതീപ്പൊരിയിൽജീവാത്മാവുംവസിച്ച് നമ്മെ ആശീർവദിക്കും. നമ്മുടെ കുടുംബത്തിനെ ഇരുളിൽ നിന്ന് വെളിച്ചത്തിലേക്ക് കൂട്ടിക്കൊണ്ടു വരുന്നു എന്ന് സനാതന മഹർഷിമാർ ദീപാവലി വഴിപാടുകളെക്കുറിച്ച് വിവരിച്ചിട്ടുണ്ട്.

ദരിദ്രനെന്നോ ധനികനെന്നോ വ്യത്യാസമില്ലാതെ, കുട്ടികൾ, മുതിർന്നവർ എന്ന വ്യത്യാസമില്ലാതെ, ദീപാവലി എല്ലാവരുടേയും മനസ്സിൽ ഒരു തരത്തിലുള്ള ആഘോഷമാണ്. പുതുവസ്ത്രം ധരിച്ച്, പലഹാരം ഉണ്ടാക്കി, പടക്കം പൊട്ടിച്ച്, അതിഥികളോടും സുഹൃത്തുക്കളോടും ഒപ്പം ദീപാവലി ആഘോഷകരമായി കൊണ്ടാടാം.



Owned, Published by K.R. NAGARAJAN, Published from 10, Sengunthapuram Mangalam Road, TIRUPUR - 641 604 &
Printed by B. ASHOK KUMAR at RATHNA OFFSET PRINTERS, 40, Peters Road, Royapettah, Chennai - 600 014. Editor : T.J. GNANAVEL


Inners for Winners
RAMRAJ
VESTS
BRIEFS • TRUNKS
Uplift your spirit from Within
Through celebrations and challenges, feel the comfort and confidence all day long.
Unleash your true self with Ramraj Banians.
Shreyas Iyer - Cricketer
SCAN QR CODE FOR STORE LOCATION
SUKRA SUPER FINE COTTON VESTS
RISE-UP Premium Banians
ROMEX BANIANS | BRIEF | TRUNKS
COMPACT PREMIUM COTTON RIB VESTS
Breeze Eye Let Vests
WinStripe STRIPED BANIANS
ARCHERY Gym Vest
ACOSTE BANIANS | BRIEF | TRUNKS
suriya RICH COTTON BRIEF
udaya RICH COTTON BRIEF
minar FINE COTTON BRIEF
merc MERCERISED BRIEF
target FINE TRUNKS
softex FINE TRUNKS
imaxs RIB TRUNKS
ARROW RIB TRUNKS
VINTRACK FINE TRUNKS
Available @ Ramraj Showrooms & All leading textile shops | Shop online @ www.ramrajcotton.in

Venma Monthly - Postal Registration No. TN/TRU/31/2024-26. Registered with the Registrar of Newspapers for India under No.TNMAL/2017/75251.
Day of Publishing: 01-10-2024.Posted at Tirupur BPC on 5th of every month.

